മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 33 | THE ONLINE OFFICIAL NEWS BULLETIN | 2021 July 31

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
1   ♪1 10th Sunday after Pentecost. Shunoyo Lent Begins (15 Day). Comme. of the Martyrs Marth Smooni & her 7 Children and Mar Eliazar, their teacher. 9th Mem. of Poulose Mar Pachomios OIC ✠ (Betheny Asram Perunad)	2 ♪5	3 ♪1	4 ♪5	5 ♪1	6   ♪6 ✝ Mtalé. The Feast of Transfiguration. 56th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC ✠ (Betheny Asram Perunad)	7  ♪1 Comm. of St. Demetrios of Thessaloniki



പരിശുദ്ധ പിതാവിനു പ്രണാമം അർപ്പിച്ചു അനന്തപുരി. പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ സ്മരണക്കു മുമ്പിൽ തിരുവനന്തപുരം പൗരാവലിയുടെ പ്രണാമം. മുഖ്യമന്ത്രി പിണറായി വിജയൻ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നു.

കാതാലിക്കാ ബാവായുടെ സ്മരണയ്ക്ക് 2 കോടിയുടെ സ്കോളർഷിപ്പ്

കോട്ടയം: കാലംചെയ്ത പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർഥം രണ്ടു കോടി രൂപയുടെ വിദ്യാഭ്യാസ സ്നോളർഷിപ്പ് ഏർപ്പെടുത്താൻ കുട്ടിക്കാനം മാർ ബസേലിയോസ് എൻജിനിയറിങ് കോളേജ് ഗവേണിങ് ബോഡി യോഗം തിരുമാനിച്ചു.

യോഗത്തിൽ ഫാ. ജോൺ സി. ചിറത്തലാട്ട് കോർ എപ്പിസ്കോപ്പാ അധ്യക്ഷനായി. വർഷങ്ങളായി കോളജ് നൽകുന്ന സ്കോളർഷിപ്പാണ് ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ മെമ്മോറിയൽ എജ്യുക്കേഷണൽ സ്കോളർഷിപ്പാക്കുന്നത്. പഠനത്തിൽ മികച്ച, സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന എൻജിനിയറിങ് വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ഏതാനും വർഷങ്ങളായി രണ്ട് കോടി രൂപയുടെ സാമ്പത്തിക സഹായം ജാതിമതഭേദമെന്യെ ലഭ്യമാക്കി വരികയാണ്. കോളേജ് പ്രസിഡന്റ്കൂടിയായിരുന്ന കാതോലിക്കാ ബാവായുടെ നിർദേശപ്രകാരമായിരുന്നു ഈ തീരുമാനമെന്ന് കോളേജ് ഡയറക്ടർ ഫാ. ജിജി പി എബ്രഹാം പറഞ്ഞു.

ഗവേണിങ് ബോഡി അംഗങ്ങളായ ഡോ. വർഗീസ് പേരയിൽ, ഫാ. വർഗീസ് ജോർജ്, സാജൻ ജോർജ്, റോയി വൈരമൺ, എബ്രഹാം കുര്യാക്കോസ് എന്നിവർ സംസാരിച്ചു.




സാമ്പത്തിക വിവര ശേഖരണം സമാപിച്ചു

ദേവലോകം: ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് മുൻപാകെ ജൂലൈ 31 നകം സമർപ്പിക്കേണ്ട നിവേദനത്തിനായുള്ള ഓർത്തഡോക്ൾസ് സഭയുടെ വിവര ശേഖരണ യജ്ഞം ജൂലൈ 27-നു സമാപിച്ചു. ഡെപ്യൂട്ടി സെക്രട്ടറി ബോബൻ പി. എബ്രഹാം, അഡ്വ. അലക്സ് തോമസ് എന്നിവർ നേതൃത്വം നൽകിയ വോളണ്ടിയേഴ്സ് അഹോരാത്രം പണിയെടുത്താണ് ഈ ദൗത്യം പൂർത്തീകരിച്ചത്. ചില ഭദ്രാസനങ്ങളിൽ നിന്നും ഇടവകകളിൽനിന്നും സമയബന്ധിതമായ സഹകരണം ഉണ്ടായില്ല. അതുകൊണ്ട് ഭാഗികമായ ഡാറ്റ ആണ് ഇപ്പോൾ സമർപ്പിക്കുന്നത്.

കാതോലിക്കേറ്റ് ഓഫീസിൽ നടന്ന ചടങ്ങിൽ Task Force അംഗങ്ങൾ മാർ ദീയസ്കോറോസ് തിരുമേനിയെ ഡേറ്റ ഫയലുകൾ ഭരമേല്പിച്ചു. തിരുമേനി സഭാ സ്ഥാനികളോടും വോളണ്ടിയേഴ്സ്നോടും ഒപ്പം ഈ പ്രക്രിയയ്ക്ക് തുടക്കം കുറിച്ച പരിശുദ്ധ ബാവാ തിരുമേനിയുടെ കബറിങ്കൽ എത്തി ഡേറ്റാ ഫയലുകൾ അവിടെ സമർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഡേറ്റാ ഫയലുകൾ ഏറ്റുവാങ്ങി. ഫാ. ഡോ. എം. ഒ. ജോൺ, ഫാ. മോഹൻ ജോസഫ്, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് എന്നിവർ സംസാരിച്ചു. കമ്മീഷനു മുമ്പാകെ സമർപ്പിക്കേണ്ട റിപ്പോർട്ട് ഫാ. പി. എ. ഫിലിപ്പ്, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് എന്നിവരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

“ഇതാ, മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം”



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ப. സഭയുടെ ആരാധനാക്രമീകരണം അനുസരിച്ച് ആഗസ്റ്റ് 6-ലെ വി. കൂടാരപ്പെരുന്നാൾ മുതൽ തേജസ്കരണകാലത്തിലേക്ക് (Season of Transfiguration) നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഒപ്പം പ. ദൈവമാതാവിന്റെ മഹത്വകരമായ വാങ്ങിപ്പുപെരുന്നാളിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി വിശുദ്ധിയോടെ നാം ശൂനോയോ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നു. “മർത്ത മറിയം ലോകബന്ധങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വനന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായി തീരുവാൻ തെരഞ്ഞെടുക്കപ്പെട്ടതുപോലെ നമ്മളും ദൈവത്തിന് വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളായി തീരുവാൻ” ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ!



പുറപ്പാട് പുസ്തകം 34-ാം അദ്ധ്യായത്തിലും ലേവ്യ പുസ്തകം 23-ാം അദ്ധ്യായത്തിലും അടിസ്ഥാനമായി കാണപ്പെടുകയും മറ്റു പഴയനിയമ ഗ്രന്ഥങ്ങളിൽ ഉടനീളം പ്രതിപാദിക്കപ്പെടുകയും ചെയ്യുന്ന മൂന്ന് പ്രധാന പെരുന്നാളുകളാണ് ദൈവജനത്തിന് ഉണ്ടായിരുന്നത്. ഒന്നാമത്തേത്, ആബീബ് മാസത്തിൽ യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നും വിടുവിച്ച്, സംഹാരദൂതനിൽ നിന്നും കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിച്ച് (passover) അവരുടെ രക്ഷണ്യയാത്ര ആരംഭിക്കുന്ന ‘പുളിപ്പില്ലാത്ത അപ്പത്തിന്റെ’ പെരുന്നാൾ എന്നറിയപ്പെടുന്ന പെസഹാ പെരുന്നാൾ. അതുവരെയും ഏഴാം മാസമായിരുന്ന ആബീബ് മാസത്തിനു പകരം ഒരു പുതിയ ക്രമീകരണം യഹോവയാൽ ഉണ്ടായി. ‘പുറപ്പെടലിന്റെ’ (Exodus) ആ മാസത്തെ അവർ നീസ്സാൻ മാസം എന്നു വിളിക്കുകയും, മാസമദ്ധ്യത്തിൽ (നീസ്സാൻ 14) അവർ തലമുറകളായി പെസഹാ പെരുന്നാൾ ആചരിക്കുകയും ചെയ്യുന്നു. തുടർന്ന് ഏഴ് യാമങ്ങൾ വീതമുള്ള ഏഴ് വാരങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ ‘വാരപ്പെരുന്നാൾ’ എന്നു വിളിക്കുന്ന അമ്പതാം പെരുന്നാൾ (Pentecost) ആചരിക്കുന്നു. നീസ്സാനിൽ ആരംഭിച്ച പുതിയ ക്രമീകരണപ്രകാരമുള്ള ഏഴാം മാസം (Tisherei) 15-ാം തീയതി (പഴയ ക്രമീകരണത്തിലെ വർഷാരംഭം) യഹോവയ്ക്ക് വിശുദ്ധമായ ശബത്തായി ആചരിക്കുവാനും തുടർന്ന് ഏഴ് ദിവസം കൂടാരങ്ങളിൽ താമസിച്ച് മരുഭൂമിയിൽ 40 വർഷം അവരെ നടത്തിയ യഹോവയെ ധ്യാനിക്കുവാനും പുറപ്പാട് ചരിത്രം തലമുറകളോട് അറിയിക്കുവാനും എട്ടാം ദിവസം വീണ്ടും ശബ്ബത് ആഘോഷിച്ച് സമാഗമനകൂടാരത്തിൽ കൂടിവന്ന് കൂടാരപ്പെരുന്നാൾ ശുശ്രൂഷകൾ പൂർത്തീകരിക്കുവാനും യഹോവ കല്പിക്കുന്നു. കൂടാരങ്ങളിൽ പാർക്കുന്ന ഈ ദിനങ്ങളെ അവർ വർഷാദ്ധ്യ-കായ്കനി പെരുന്നാൾ എന്നും വിളിക്കുന്നു.

നിഴലായ പഴയനിയമത്തിൽ നിന്നും പൂർത്തീകരണം ആയ പുതിയനിയമത്തിലേക്ക് തന്റെ ഏകജാതനായ പുത്രനിലൂടെ പിതാവാം ദൈവം നയിച്ചപ്പോൾ പ. സഭ അതിന്റെ ആരാധനാ ജീവിതത്തിനും മറ്റു എല്ലാ മതജീവിത രീതികൾക്കും അടിസ്ഥാനം കണ്ടെത്തിയതും പുത്രൻതമ്പുരാൻ നൽകിയ പുതിയ വ്യാഖ്യാനങ്ങളിലൂടെ പുതിയ അർത്ഥതലങ്ങൾ അറിഞ്ഞതും വി. അപ്പോസ്തോലന്മാരുടെ കാലം മുതൽ തന്നെ ആയത് ആചരിച്ചു തുടങ്ങിയതും നാം കാണുന്നു. മോശ മുഖാന്തരം ലഭിച്ച ന്യായപ്രമാണം കൃപയും സത്യവുമായി യേശുക്രിസ്തു മുഖാന്തിരം (യോഹ. 1:17) വെളിപ്പെടുമ്പോൾ ആരാധനയ്ക്കും പെരുന്നാളുകൾക്കും പുതിയ അർത്ഥതലങ്ങൾ ലഭ്യമാകുന്നു.

“സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്നു, കാരണം ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കേണ്ടത് ആ മലയിലോ ഈ മലയിലോ അല്ല; ആത്മാവിലും സത്യത്തിലും ആകുന്നു” എന്ന് ശമര്യ സ്ത്രീയോട് (യോഹന്നാൻ 4) വെളിപ്പെടുത്തുന്ന കർത്താവ് ആത്മദാഹം തീർക്കുന്ന ജീവജലം, വിശ്വസിക്കുന്ന ഏവനും വാഗ്ദാനം ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് യഹൂദന്മാരുടെ പഴയപെരുന്നാളുകൾക്ക് പരിശുദ്ധ സഭയിൽ പുതിയ അർത്ഥതലങ്ങൾ ലഭ്യമാകുന്നത്.

സർവ്വപ്രപഞ്ചവും സമഞ്ജസമായി സമ്മേളിക്കുന്ന പ. സഭയാകുന്ന വി. കൂടാരത്തിൽ ദൈവതേജസ്സ് നിത്യമായി ഉജ്ജ്വലകാന്തിയോടെ ശോഭിക്കുന്ന അനുഭവമാണ് വി. കൂടാരപെരുനാളും അവിടെയുണ്ടാകുന്ന മറുരൂപ അനുഭവവും എന്ന സന്ദേശമാണ് കൂടാരപെരുനാളിൽ ആരംഭിക്കുന്ന നോമ്പുകാലത്ത് പ. സഭയുടെ ധ്യാനചിന്ത എന്ന് സാരം.

കുഞ്ഞാടും പുളിപ്പില്ലാത്ത അപ്പവും കയ്പ്പുചീരയും ചേർന്ന യഹൂദന്റെ മാത്രം താൽക്കാലിക വിമോചനം ആയിരുന്ന പെസഹാപെരുന്നാൾ സർവ്വലോകത്തിന്റെയും ജീവനും രക്ഷയ്ക്കും കാരണമായിത്തീർന്ന നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും ഉയർപ്പിലും വിശ്വസിക്കുന്നവന് നിത്യജീവന്റെ അപ്പമായി, അപ്പത്തിന്റെ വലിയ പെരുന്നാളായി മാറുന്നു (യോഹ 6:35). പുതിയ വ്യാഖ്യാനം ഉണ്ടായപ്പോഴും ‘പെസഹാ പെരുന്നാൾ’ എന്ന ആശയത്തിനോ പ്രയോഗത്തിനോ വ്യത്യാസം വന്നില്ല എന്നു സാരം.

ഇതുപോലെ തന്നെ വി. പെന്തക്കോസ്തി പെരുനാൾ പ. റൂഹായുടെ ആവാസത്തിന്റെ വലിയ പെരുനാളും പുതിയ യിസ്രായേൽ ആകുന്ന പ. സഭയുടെ ആരംഭ പെരുനാളും ഒക്കെയായി മാറ്റപ്പെട്ടപ്പോഴും വാരപ്പെരുന്നാൾ അഥവാ ‘50-ാം ദിനം’ എന്നു മാത്രം അർത്ഥമുള്ള പെന്തിക്കോസ്തി എന്ന പദം മാറ്റപ്പെട്ടില്ല എന്ന് ഓർക്കണം. ഇതേപ്രകാരം തന്നെ വി. കൂടാരപ്പെരുന്നാളിലും കർത്താവ് പങ്കെടുക്കുകയും മലമുകളിൽ പെരുന്നാൾ ധ്യാനത്തിന് പോകുകയും യെരുശലേം ദേവാലയത്തിലെ കൂടാരപെരുനാളിൽ സംബന്ധിച്ച് പുതിയ അർത്ഥതലങ്ങൾ നൽകുകയും ചെയ്യുന്നു. ഈ വ്യാഖ്യാനതത്വം വിശദമായി പ്രതിപാദിച്ചുകൊണ്ടാണ് വി. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ഏഴാം അദ്ധ്യായത്തിൽ കൂടാരപ്പെരുന്നാളിന്റെ മദ്ധ്യത്തിൽ യെരുശലേം ദേവാലയത്തിൽ നിന്നുകൊണ്ടുള്ള കർത്താവിന്റെ പ്രഖ്യാപനം രേഖപ്പെടുത്തുന്നത്: “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ” എന്നും അവനിൽ നിന്ന് ജീവനദി ഒഴുകും എന്നും അത് വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാണ് പറഞ്ഞതെന്നും യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ... (7:37-39) എന്നിങ്ങനെ പോകുന്നു വി. യോഹന്നാൻ ശ്ലീഹായുടെ വ്യാഖ്യാനം.

മേൽപറഞ്ഞ മൂന്ന് പെരുന്നാളുകളും പഴയനിയമ പശ്ചാത്തലത്തിലും, അന്ന് അവ നടന്ന കാലഘട്ടത്തിലുമാണ് വി. സഭ പുതിയ വ്യാഖ്യാനങ്ങളോടെ ഇന്നും ആഘോഷിക്കുന്നത് എന്നത് പ്രത്യേകം ഓർത്തിരിക്കണം. അതുകൊണ്ടാണ് ‘കൂടാരപ്പെരുന്നാൾ’ പെസഹായ്ക്കു ശേഷം ഏകദേശം ആറ് മാസം കഴിഞ്ഞും (പെസഹ: ഒന്നാം മാസം, പതിനാലാം തീയതി. കൂടാരപെരുനാൾ: ഏഴാം മാസം

പതിനഞ്ചാം തീയതി) പെന്തിക്കോസ്തി പെരുന്നാളിനു ശേഷവും വരുന്നത് എന്ന് സാരം. കൂടാരപ്പെരുന്നാളിന്റെ ആരംഭ ധ്യാനത്തിനായി മറുരൂപമലയിൽ (താബോർ) പോയ സമയത്ത് ഉണ്ടായ സംഭവവും അനുഭവവുമാണ് സമവീക്ഷണ സുവിശേഷങ്ങളിൽ വിശദമായി കാണുന്നത്.

കൂടാരം എന്നാൽ കേവലം ഒരു ടെന്റ്, സർക്കസ് കൂടാരം പോലെ എന്നല്ല മറിച്ച് ഗോത്രപിതാവായ യാക്കോബിന്റെ ദർശനമായ (ഉൽപത്തി 28) ദൈവത്തിന്റെ ആലയം (ബഥേൽ) മുതൽ മോശയുടെ കാലത്തെ സമാഗമനകൂടാരം തുടങ്ങി ദൈവത്തിന്റെ സാന്നിദ്ധ്യം അറിഞ്ഞ എല്ലാ സ്ഥലങ്ങളും സംഭവങ്ങളുമാണ് എന്നും നാം അറിയണം. പുതിയനിയമത്തിൽ വി. കന്യകമറിയാമിന്റെ ഉദരവും ബേത്‌ലഹേം ഓഫർത്തായും യോർദ്ധാനിലെ സ്നാനവും മറുരൂപമലയിലെ മേഘകൂടാരവും എല്ലാം പ. സഭയെ കുറിക്കുന്ന സംജ്ഞകളാണെന്ന് പിതാക്കന്മാർ വ്യക്തമായി പഠിപ്പിക്കുന്നു. മേൽപറഞ്ഞതും ഇനിയും ഒട്ടനവധിയായി സഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന തിരുവചന വ്യാഖ്യാനങ്ങളിലും ദൈവമഹത്വം (shekena) പരിലസിക്കുന്ന (Theophiny) അനുഭവങ്ങൾ കാണുന്നു. "ഇവനെന്റെ പ്രിയ പുത്രൻ; ഇവനു ചെവി കൊടുപ്പീൻ" എന്ന ദൈവശബ്ദം പ. സഭയാകുന്ന കൂടാരത്തിലാണ് കേൾക്കപ്പെടുന്നത്. പഴയനിയമ വായനയ്ക്കു മുമ്പായി 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി' എന്ന് ആമുഖ വചനങ്ങളായി പറയുന്നു. അവിടെ ന്യായപ്രമാണവും (മോശ) പ്രവചനവും ഏലിയാ, അപ്പോസ്തോലികതയും ജീവലോകവും മൃതലോകവുമെല്ലാം വി. ത്രിത്വത്തിൽ ഒന്നിക്കുന്നു.

വി. യോഹന്നാനുണ്ടാകുന്ന വെളിപ്പാടിൽ അദ്ദേഹം കാണുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പുത്തൻ യെരുശലേമും മണവറയും മണവാട്ടിയും ഒക്കെ കേവലം മാനുഷിക വിവരണങ്ങൾക്ക് അതീതമാണ്; എത്ര വ്യാഖ്യാനിച്ചാലും മതിവരുകയോ അവസാനിക്കുകയോ ഇല്ല എന്നും പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. അവിടെ സിംഹാസനത്തിൽ നിന്നും വീണ്ടും മഹാശബ്ദം (ദൈവനാദം) ഉയരുന്നു. "ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും (വെളിപ്പാട് 21: 1-3). താബോറിൽ കണ്ട അതേ 'ജ്യോതിസ്' പ. സഭയാകുന്ന കൂടാരത്തിലും (21:11) കാണുന്നു. അതിന്റെ പൊക്കമുള്ള മതിലും (സുവിശേഷങ്ങൾ) പന്ത്രണ്ടു ഗോപുരവും (വി. അപ്പോസ്തോലന്മാർ, കർത്താവിന്റെ ജീവപുസ്തകത്തിന്മേൽ എഴുതപ്പെട്ടവർക്കു മാത്രം പ്രവേശനവും എന്നിങ്ങനെ ആ വർണ്ണന തുടരുകയാണ്.

സർവ്വപ്രപഞ്ചവും സമഞ്ജസമായി സമ്മേളിക്കുന്ന പ. സഭയാകുന്ന വി. കൂടാരത്തിൽ ദൈവതേജസ്സ് നിത്യമായി ഉജ്ജ്വലകാന്തിയോടെ ശോഭിക്കുന്ന അനുഭവമാണ് വി. കൂടാരപെരുനാളും അവിടെയുണ്ടാകുന്ന മറുരൂപ അനുഭവവും എന്ന സന്ദേശമാണ് കൂടാരപെരുനാളിൽ ആരംഭിക്കുന്ന നോമ്പുകാലത്ത് പ. സഭയുടെ ധ്യാനചിന്ത എന്ന് സാരം. ഈ മഹത്വീകരണം ആദ്യം പ്രാപിക്കുന്നത് പ. സഭയുടെ കൂടെ നിത്യപ്രതീകമായ രാജമാതാവായ വി. കന്യക മറിയാമാണ്. ആഗസ്റ്റ് 6-ന് ആരംഭിക്കുന്ന കൂടാരപെരുനാൾ ഏഴ് മുതൽ ഏഴ് ദിവസം പിന്നിട്ടു കഴിയുമ്പോൾ ആഗസ്റ്റ് 15-ന് പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിൽ അതിന്റെ പൂർത്തീകരണത്തിൽ എത്തിച്ചേരുന്നു! കർത്താവ് താൻ സർവ്വ സ്വർഗ്ഗീയ സേനകളുടെയും അകമ്പടിയോടെ സ്വർഗ്ഗം തുറന്ന് ഇറങ്ങി വന്ന് പ. ദൈവമാതാവിന്റെ ആത്മാവിനെ ബഹുമാനത്തോടെ കൈക്കൊണ്ടു എന്നും പിന്നീട് സംസ്കരിക്കപ്പെട്ട അവരുടെ ശരീരം അപ്രകാരം സർവ്വഘോഷത്തോടും കൂടെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു എന്നും വി. യാക്കോബിന്റെ ബോവൂസ്സായിൽ വി. ശൂനോയോ നോമ്പിൽ നാം ധ്യാനിക്കുന്നു. ആകയാൽ പ. സഭയാകുന്ന കൂടാരത്തിൽ വസിച്ച് ദൈവമഹത്വത്തിൽ വളരുവാൻ പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്കും ശരണപ്പെടാം.

'തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവിന്റെയും, തന്റെ കഷ്ടാനുഭവത്താൽ അതിനെ വീണ്ടെടുത്ത പരിശുദ്ധനായ ഏക പുത്രന്റെയും, സകലത്തെയും പൂർത്തിയാക്കുന്ന പരിശുദ്ധനായ ഏക റൂഹായുടേയും സാന്നിധ്യവും സഹവാസവും എപ്പോഴും നമ്മോടു കൂടെ വ്യാപരിക്കട്ടെ.

പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും കാവൽപിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ സർവ്വ പൂർവ്വ പിതാക്കന്മാരുടെയും പ്രത്യേകാൽ മാർ ഗീവർഗ്ഗീസ് സഹദായുടെയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് എന്നീ പിതാക്കന്മാരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കൂട്ടും കാവലുമായിരിക്കട്ടെ. ❑



കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ നടന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണ സമ്മേളനം 'ശ്രേഷ്ഠാചാര്യ പ്രണാമം' മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ജോജി പി. തോമസ്, ഡോ. പ്രകാശ് പി.തോമസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത, ബിഷപ് ഡോ. ഉമ്മൻ ജോർജ്, ഫാ. കോശി ഫിലിപ്, ജോബി പി.തോമസ് എന്നിവർ സമീപം.

കാതോലിക്കാ ബാവായെ അനുസ്മരിച്ച് കെസിസി

തിരുവല്ല ● മതനിരപേക്ഷ നിലപാടുകൾ ഉയർത്തി പിടിക്കുകയും ഹൃദയത്തിൽ വിശുദ്ധി സൂക്ഷിക്കുകയും ചെയ്ത സഭാധ്യക്ഷനായിരുന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്ന് മന്ത്രി പി. പ്രസാദ്.

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ (കെസിസി) നേതൃത്വത്തിൽ നടന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണ സമ്മേളനം 'ശ്രേഷ്ഠാചാര്യ പ്രണാമം' കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബാവായുടെത് യാന്ത്രികതയില്ലാത്ത ജീവിതമായിരുന്നു. അദ്ദേഹത്തിന്റെ വാക്കിനും പ്രവർത്തിക്കും ഇരട്ട മുഖമില്ലായിരുന്നു എന്നും മന്ത്രി കൂട്ടി ചേർത്തു.

കെസിസി പ്രസിഡന്റ് ബിഷപ് ഉമ്മൻ ജോർജ് അധ്യക്ഷത വഹിച്ചു. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത അനുസ്മരണ പ്രഭാഷണം നടത്തി. കെസിസി വൈസ് പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ്, ജനറൽ സെക്രട്ടറി ഡോ.പ്രകാശ് പി. തോമസ്, ഇടവക വികാരി ഫാ. കോശി ഫിലിപ്, പ്രോഗ്രാം കോ- ഓർഡിനേറ്റർ ജോജി പി. തോമസ്, ലിനോജ് ചാക്കോ, വർഗീസ് പോത്തൻ ജോ ഇലഞ്ഞിമൂട്ടിൽ, ജോബി പി തോമസ് ബിജു വർഗീസ് എന്നിവർ പ്രസംഗിച്ചു.



സി.എസ്.ഐ. കൊല്ലം - കൊട്ടാരക്കര മഹാ ഇടവകയുടെ ബിഷപ്പ് ഉമ്മൻ ജോർജ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കബറിടത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

നമ്മുടെ അമ്മ അഥവാ കൃപ നിറഞ്ഞ മറിയാം

എം. സി. കുറിയാക്കോസ് റമ്പാൻ

ഞാൻ നിന്നോട് ഒരു കാര്യം ചോദിക്കുന്നു, എന്റെ അപേക്ഷ തള്ളികളയരുത്. –ബത്ശേബാ

എന്റെ അമ്മേ ചോദിച്ചാലും; ഞാൻ ഞാൻ നിന്റെ അപേക്ഷ തള്ളികളയുകയില്ല. –ശലോമോൻ 1 രാജാ. 2:20

ഒരിക്കൽ ഒരു അമ്മയും മകനും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഒരു ഭാഗമത്രേ മേലുദ്ധരിച്ച മൊഴികൾ. മകൻ ഒരു വലിയ രാജാവായിരുന്നു. അദ്ദേഹത്തിനു സമനായവൻ അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. നാല്പതു വർഷം ഇസ്രയേലിന്മേൽ വിജയശ്രീയോടെ വാണ ദാവീദുരാജാവിന്റെ പുത്രനായിരുന്നു അദ്ദേഹം.



ദൈവഹൃദയപ്രകാരമുള്ളവൻ എന്ന് ദൈവത്തിൽനിന്നുതന്നെ സാക്ഷ്യം പ്രാപിച്ച ദാവീദുരാജാവിനു വയസ്സായി. അദ്ദേഹം മരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഇസ്രയേലിന്റെ രാജാവായി ശലോമോൻ അഭിഷേകം ചെയ്യപ്പെട്ടു. രാജാവേ ജയജയ എന്ന് ജനം ആർത്തട്ടഹസിച്ചു. എന്റെ സിംഹാസനത്തിന്മേൽ എന്റെ സന്തതി ഇരിക്കുന്നതു എന്റെ കണ്ണുകൊണ്ടു കാണുവാൻ സംഗതി വരുത്തിയ ഇസ്രയേലിന്റെ ദൈവമായ യഹോവാ സ്തുതിക്കപ്പെടുമാറാകട്ടെ എന്ന് അദ്ദേഹം സ്തുതി പാടി. മകനോട് അദ്ദേഹം പറഞ്ഞു. “ഞാൻ സകല ഭൂവാസികളുടെയും വഴിയായി പോകുന്നു. നീ ധൈര്യംപൂണ്ടു പുരുഷനായിരിക്കുക. നീ എന്തു ചെയ്താലും എവിടേക്കു തിരിഞ്ഞാലും കൃതാർത്ഥനാകേണ്ടതിനു നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടക്കുക. അവന്റെ ചട്ടങ്ങളും കല്പനകളും വിധികളും സാക്ഷ്യങ്ങളും പ്രമാണിച്ച് അവന്റെ ആജ്ഞ അനുസരിച്ചു കൊള്ളുക.” ഈ അന്ത്യസന്ദേശം നൽകിയ ശേഷം അദ്ദേഹം പിതാക്കന്മരോടൊപ്പം നിദ്ര പ്രാപിച്ചു.

ശലോമോൻ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു. ദൈവം അദ്ദേഹത്തിൽ പ്രസാദിച്ച് ജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയം അദ്ദേഹത്തിനു നൽകി. അവന്റെ സിംഹാസനം സുസ്ഥിരമായി മഹിമ പ്രാപിച്ചു പ്രശസ്തമായിക്കൊണ്ടിരുന്നു.

ഒരു ദിവസം ആ രാജാവു കൊട്ടാരത്തിൽ സിംഹാസനത്തിന്മേൽ ഇരിക്കവേ അദ്ദേഹത്തിന്റെ മാതാവായ ബേത്ശേബാ വാതില്ക്കൽ ചെന്നുനിന്നു. രാജാവ് എഴുന്നേറ്റു ചെന്ന് ബഹുമാനപൂർവ്വം നമസ്കരിച്ചു. ആദരപൂർവ്വം അവളെ സ്വീകരിച്ചു. വലതുഭാഗത്തു കൊണ്ടുചെന്നിരുത്തി. അവൾ അദ്ദേഹത്തോട് മകനേ ഞാൻ നിന്നോട് ഒരു ചെറിയ കാര്യം ചോദിക്കുന്നു. എന്റെ അപേക്ഷ തള്ളിക്കളയരുതേ എന്നു പറഞ്ഞു. അദ്ദേഹം അവളോട് എന്റെ അമ്മേ ചോദിച്ചാലും. ഞാൻ നിന്റെ അപേക്ഷ തള്ളിക്കളയുകയില്ല എന്ന് ആദരപൂർവ്വം മറുപടി പറഞ്ഞു.

ഈ രംഗം മനസ്സിൽ രൂപീകരിക്കുക. പുത്രവാത്സല്യവും മാതൃഭക്തിയും ഇണങ്ങിച്ചേർന്ന ആ രാജകീയരംഗം എത്രയോ മനോഹരമാകുന്നു! വായനക്കാരും പ്രശാന്തമായി ഓർത്തുനോക്കുക. ഇപ്രകാരം ഒരു രംഗം സ്വർഗ്ഗത്തിൽ സദാ നടക്കുന്നില്ലയോ? സ്വർഗ്ഗീയരാജാവായ മിശിഹാ സിംഹാസനത്തിൽ ഇരിക്കുന്നു. ശലോമോൻ പഴയനിയമത്തിലെ ദാവീദുപുത്രൻ ആയിരുന്നവല്ലോ. യേശുമിശിഹായാവട്ടെ, പുതിയ നിയമത്തിലെ ദാവീദുപുത്രനാണ്. രാജാവേ ജയ ജയ എന്ന് ഇസ്രയേൽജനം പഴയ ദാവീദുപുത്രനെ അഭിവാദനം ചെയ്തു. ദാവീദുപുത്രന് ഓശാന; കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെടട്ടെ. ഉയരങ്ങളിൽ ഓശാന എന്ന് ദൈവദൂതസദൃശ്യരായ പൈതങ്ങൾ ദൈവാത്മപ്രേരണയാൽ പുതിയ ദാവീദു പുത്രനെ പുകഴ്ത്തി. ആ മഹാരാജാവു സ്വർഗ്ഗത്തിൽ ഇരിക്കുന്നു. വത്സലമാതാവായ വിശുദ്ധ കന്യകമറിയാം അടുത്തു ചെന്നു. മകൻ എഴുന്നേറ്റു ചെന്ന് ആദരപൂർവ്വം അവളെ സ്വീകരിച്ചു സമീപേ ഇരുത്തുന്നു. അവൾ അവനോട് “മകനേ നാഥാ ഞാൻ നിന്നോട് ഒരു അപേക്ഷ ചോദിക്കുന്നു. എന്റെ അപേക്ഷ തള്ളിക്കളയരുതേ” എന്നു പറയുന്നു. “എന്റെ അമ്മേ ചോദിച്ചാലും ഞാൻ നിന്റെ അപേക്ഷ തള്ളികളയുകയില്ല” എന്ന് യേശുമിശിഹാ മറുപടി പറയുന്നു. നമ്മുടെ ആ അമ്മ അവളുടെ രക്ഷകനും കർത്താവും ദൈവവും മാത്രമല്ല, പുത്രൻ കൂടിയായ യേശുമിശിഹായുടെ സന്നിധിയിൽ മദ്ധ്യസ്ഥത സമർപ്പിക്കുന്നുണ്ട് എന്നുള്ള നമ്മുടെ സഭയുടെ സൗഖ്യോപദേശം എത്രയോ ആശ്വാസപ്രദമാണ്. എത്രയോ നിക്ഷേപതുല്യമാണ്!

“ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ മിശിഹായുടെ മാതാവായിത്തീർന്ന നിത്യകന്യകയായ വിശുദ്ധ കന്യകമറിയാമേ നീ സൗഭാഗ്യവതിയാകുന്നു.” “സകലവംശങ്ങളും നിനക്കു ഭാഗ്യം തരും” എന്ന പ്രവചനപ്രകാരം ഞാൻ നിന്നോടു പറയുന്നു. “സ്വർഗ്ഗത്തിലും ഭൂമിയിലും ഒതുങ്ങാത്തവനു മാതാവായിത്തീർന്നവളേ നിനക്കു ഭാഗ്യം. തന്റെ ശ്രേഷ്ഠതയിൻ മുമ്പാകെ അഗ്നിമയന്മാർ ചുളുങ്ങുന്നു എന്നവനെ പ്രസവിച്ചവളേ നിനക്കു ഭാഗ്യം. സകല സൃഷ്ടികളെയും പുലർത്തുന്നവനെ പാൽ കൊടുത്തു വളർത്തിയവളേ നിനക്കു ഭാഗ്യം. ഞങ്ങളുടെ ഉന്നതസങ്കേതമായ അനുഗ്രഹങ്ങളുടെ മാതാവേ, നിന്റെ പുത്രനായ ദൈവത്തിന്റെ കൽപ്പനകൾ ആചരിക്കുന്നതിനും അവന്റെ ഇഷ്ടം നിവർത്തിക്കുന്നതിനും വേണ്ടിയ സ്വർഗ്ഗീയസഹായങ്ങൾ അവൻ ഞങ്ങൾക്കു ചെയ്യുന്നതിനും സ്വർഗ്ഗീയ കടിഞ്ഞൂലുകളുടെ സഭയിൽ ഞങ്ങൾ നിന്നെ ദർശിക്കുന്നതിനും അക്ഷയമായ ആകാശമോക്ഷത്തിൽ വിശുദ്ധ ത്രിത്വത്തെ സദാ സ്തുതിക്കുന്നതിനും ഞങ്ങൾക്കു സംഗതിയാകേണമെന്നും ഞങ്ങൾക്കു വേണ്ടി അവനോടു നീ അപേക്ഷിക്കേണമേ.”

ദൈവത്തിനും മനുഷ്യർക്കുമിടയിൽ യേശുമിശിഹാ എന്ന ഒരു മദ്ധ്യസ്ഥൻ മാത്രമേ ഉള്ളു എന്ന് മാർ പൗലോസ്ശ്ലീഹ എഴുതിയിട്ടുള്ളതിനെ ദുർവ്യാഖ്യാനം ചെയ്യുന്നവരോടു കൂടിച്ചേർന്ന് പരിശുദ്ധന്മാരുടെയും ഭാഗ്യവതിയായ കന്യാസ്ത്രീ അമ്മയുടെയും മദ്ധ്യസ്ഥതയെ ആരും അവഗണിക്കരുതേ. അങ്ങനെ എഴുതിയ ആ പരിശുദ്ധൻതന്നെ അനേകർക്കും ദൈവത്തിനും ഇടയിൽ മദ്ധ്യസ്ഥനായിനിന്നു പ്രാർത്ഥിക്കുകയും അദ്ദേഹത്തിനും ദൈവത്തിനും ഇടയിൽ മദ്ധ്യസ്ഥതനിന്നു പ്രാർത്ഥിക്കുവാൻ അനേകരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടല്ലോ. അപ്രകാരം ചെയ്യുന്നതു വിഹിതമല്ലെങ്കിൽ പ്രാർത്ഥനയ്ക്കു സ്ഥാനമില്ലെന്നത്രേ വന്നു കൂടുന്നത്? മാർ പൗലോസ്ശ്ലീഹ എഴുതിയ മൊഴിയുടെ അർത്ഥം, കൽവറി കുരിശിൽ വച്ച് ദൈവത്തിനും മനുഷ്യനുമിടയിൽ

മദ്ധ്യസ്ഥനായി നിന്ന് തിരുരക്തം ചിന്തി, മനുഷ്യരെ ദൈവത്തിങ്കലേക്കു വീണ്ടെടുക്കുകയും ദൈവത്തെ മനുഷ്യരോടു നിരപ്പാക്കുകയും ചെയ്ത മദ്ധ്യസ്ഥൻ യേശുമിശിഹാ മാത്രമാകുന്നു എന്ന അർത്ഥത്തിലത്രേ. പരസ്പരം അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട മദ്ധ്യസ്ഥ പ്രാർത്ഥന ആ മൊഴി വിലക്കുന്നില്ല. ദൈവത്തെ അറിയുന്ന മനുഷ്യർ അവരവർക്കു വേണ്ടിയും സ്നേഹിതന്മാർക്കു വേണ്ടിയും ഹൃദയത്തെ മേലോട്ട് ഉയർത്തുന്നില്ലെങ്കിൽ അവർക്ക് നാൽക്കാലിമൃഗങ്ങളെക്കാൾ എന്തു മെച്ചമാണുള്ളത് എന്ന് ഒരു സിദ്ധൻ ചോദിക്കുന്നു.

ശരീരത്തിലിരിക്കുമ്പോൾ ആത്മാവായ ദൈവത്തോടു സംസർഗ്ഗം ചെയ്യുകയും ജീവനോടിരിക്കുന്ന ഇതർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവർ ബലഹീനതകൾ നിറഞ്ഞ ശരീരംവിട്ട് ആത്മാവിലാകുമ്പോൾ അവരുടെ ആത്മീയശക്തികൾ ക്ഷയിക്കുകയില്ല. അവരുടെ ദൈവസംസർഗ്ഗത്തിൽ നിന്നോ മദ്ധ്യസ്ഥപ്രാർത്ഥനയിൽ നിന്നോ അവർ വിരമിക്കുകയില്ല. പ്രസ്തുത അവരുടെ ആത്മീയശക്തികൾ വർദ്ധിക്കുകയേ ഉള്ളൂ. ദൈവസംസർഗ്ഗത്തിൽ അവർ കൂടുതൽ തൽപ്പരരാകുകയും ചെയ്യും. അല്ലെങ്കിൽ മരിക്കുന്നത് എനിക്കു ലാഭകരമാകും എന്ന് മാർ പൗലോസ്ശ്ലീഹാ എഴുതിയതു നിരർത്ഥകമല്ലയോ? വാങ്ങിപ്പോയ ഭക്തന്മാർ നമ്മെപ്പോലെ മാമോദിസാ മുഴകി പുത്രസ്വീകാര്യം സമ്പാദിച്ച ദൈവമക്കൾ ആകുന്നു. തൻനിമിത്തം നമ്മെ സഹായിക്കുവാൻ അവർക്ക് അതിയായ മനസ്സും ആകാംക്ഷയും ഉണ്ട്. അവർ ദൈവത്തെ പ്രസാദിപ്പിച്ചു ദൈവത്തിന്റെ സ്നേഹിതന്മരായിരിക്കുന്നവരാകയാൽ അവർക്കു നമ്മെ സഹായിപ്പാൻ പ്രാപ്തിയും ഉണ്ട്. ഭൂമിയിൽ നടക്കുന്ന ബാഹ്യസംഭവങ്ങൾ മാത്രമല്ല, മനുഷ്യന്റെ ഹൃദയവികാരങ്ങൾ പോലും അറിയാവുന്ന സ്വർഗ്ഗീയമാലാഖാമാർക്ക് അവർ സദൃശ്യരാകയാൽ നാം അധരങ്ങൾ കൊണ്ടോ, ഹൃദയം കൊണ്ടോ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ എന്നു പ്രാർത്ഥിച്ചാൽ അതു ഗ്രഹിക്കുവാൻ തക്ക ആത്മീയശക്തി അവർക്കുണ്ട്. ആകയാൽ വങ്ങിപ്പോയ പരിശുദ്ധന്മാർ ദൈവദൂതന്മാരെപ്പോലെ തന്നെ നമ്മെ സഹായിപ്പാൻ മനസ്സും പ്രാപ്തിയുമുള്ളവരും നമ്മെ കേൾക്കുവാൻ കഴിവുള്ളവരും നമ്മെപ്പോലെ ഇഹത്തിൽ ജീവിച്ചിട്ടുള്ളവരും ആകയാൽ, നമ്മുടെ പ്രയാസങ്ങളിൽ സഹതാപമുള്ളവരും ആകുന്നു. ഈ ആയുസ്സിൽ ദൈവത്തെ സാക്ഷിച്ചു ജീവിച്ച പരിശുദ്ധരുടെ വലിയൊരു സമൂഹം നമുക്കു സ്വർഗ്ഗത്തിലും ഉണ്ട് എന്ന ചിന്ത പ്രത്യാശപ്രദമല്ലയോ?

സ്നേഹിതർ നമുക്കുണ്ടു സ്വർഗ്ഗത്തിൽ
ദൈവത്തിൻ ദൂതരും പരിശുദ്ധരും.

ആകയാൽ പ്രാർത്ഥിക്കുക. തമ്പുരാനെ പ്രസവിച്ച മർത്ത മറിയമേ, തന്റെ ശുദ്ധമുള്ളവരേ, ശുദ്ധിയുള്ള സകല സകല മാലാഖമരേ, ഞങ്ങൾക്കു വേണ്ടി ദൈവം തമ്പുരാനോട് അപേക്ഷിക്കുവാൻ നിങ്ങളിൽ ഞങ്ങൾ സങ്കേതപ്പെട്ടപേക്ഷിക്കുന്നു.

കർത്തൃസാക്ഷികളുടെ ആ വലിയ സമൂഹത്തിൽ നിത്യകന്യകയും ദൈവമാതാവുമായ വിശുദ്ധ കന്യകമറിയാമിനു പ്രഥമസ്ഥാനം തന്നെ ഉണ്ട് എന്നു നാം വിശ്വസിക്കുന്നു. അവൾ മരിച്ചടക്കപ്പെട്ടെങ്കിലും അവളുടെ ആ ശരീരം ദ്രവത്വം കാണുന്നതിന് ഇടയാകാതെ സ്വപുത്രന്റെ മൃതശരീരം പോലെ രൂപാന്തരപ്പെട്ടു ഉയിർത്തു എന്നും, അവനാൽ മാലാഖാമാരുടെ അകമ്പടിയോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകപ്പെട്ടു എന്നും നമ്മുടെ വിശുദ്ധപാരമ്പര്യം പ്രഘോഷിക്കുന്നു. പരിശുദ്ധന്മാർ ആരെ സാക്ഷിച്ച് ആർക്കു വേണ്ടി ജീവിച്ചുവോ, ആ കർത്താവായ യേശുമിശിഹായുടെ അവതാരത്തിനായി തെരഞ്ഞെടുക്കപ്പെട്ടവളും അവനെ പ്രസവിച്ചു വളർത്തിയവളും അവനാൽ അമ്മേ അമ്മേ എന്നു വിളിക്കപ്പെട്ടവളുമായ ആ മാതാവിനെ മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും രാജ്ഞിയായിട്ടത്രേ നമ്മുടെ സഭ പരിഗണിക്കുന്നത്.

"ലോകദേവി, നാകറാണി കന്യമാതാ മേരിപുണ്യാ
ശോകമൊക്കെ പോക്കുവാനായ് കൺകോണയപ്പു."*

വിശുദ്ധ കന്യകമറിയം ആര്? അബ്രഹാമിനും സാറായ്ക്കും ഇസഹാക്ക് എന്നപോലെ, മനോഹയ്ക്കും ഭാര്യയ്ക്കും ശീമോൻ എന്ന പോലെ, എൽക്കാനായ്ക്കും ഹന്നായ്ക്കും ശമുവേൽ എന്ന പോലെ, സക്കറിയായ്ക്കും ഏലിശുബായ്ക്കും യോഹന്നാൻ എന്ന പോലെ, യൂനാഖിനും ഹന്നായ്ക്കും പ്രാർത്ഥനാഫലമായി മറിയാം സംജാതയായി. മൂന്നാമത്തെ വയസ്സിൽ അവൾ ദേവാലയത്തിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടു. പുരോഹിതന്മാർ അവളെ ബഹുമാനിച്ചു കാഴ്ച്ചയപ്പത്താൽ അവൾ വളർത്തപ്പെട്ടു. പുണ്യമൂർത്തിയായ യൗസേഫ് അവൾക്കു രക്ഷിതാവും കാവൽക്കാരനുമായി വരിക്കപ്പെട്ടു. പ്രമുഖ മാലാഖായായ ഗ്രബ്രിയേൽ ദൈവനിയോഗപ്രകാരം അവളുടെ അടുക്കലേക്ക് ഇറങ്ങി വന്ന് അവളെ വണങ്ങി. കൃപ ലഭിച്ചവളേ നിനക്കു സമാധാനം; നമ്മുടെ കർത്താവു നിന്നോടുകൂടെ എന്ന സന്ദേശം നൽകികൊണ്ട് സർപ്പത്തിന്റെ തലയെ ചതയ്ക്കേണ്ട സന്തതി, വിശുദ്ധപ്രജ, ദൈവപുത്രൻ അവളിൽനിന്ന് അവതരിക്കും എന്നറിയിച്ചു. സംഭ്രമജനകമായ സംശയങ്ങൾ അവൾക്കുണ്ടായി. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു പറഞ്ഞ് മാലാഖാ അവളെ ധൈര്യപ്പെടുത്തി. ഞാൻ കർത്താവിന്റെ ദാസി അടിയാട്ടി; നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ എന്നവൾ തല കുനിച്ചു. കണ്ടാലും, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസാവിക്കും എന്ന അത്ഭുതകരമായ പ്രവചനം നിവൃത്തിയായി. പ്രകൃത്യാതീതമായി വൃക്ഷത്തിൽ നിന്ന് ആടും, പാറയിൽ നിന്ന് വെള്ളവും, മത്സ്യത്തിൽ നിന്ന് നാണയവും പുറപ്പെടുന്നതുപോലെ തീയിൽ നിന്ന് സൂര്യനെ അവൾ പ്രസവിച്ചു. പുത്രൻ പൂർണ്ണദൈവം തന്നെയെങ്കിലും താഴെ മുൾമെഞ്ഞ, ശിരസ്സിൽ മുൾമുടി, ചങ്കിൽ വാൾ എന്നോണം അവൾ ഇഹത്തിൽ ചരിച്ചു. ... യൗസേപ്പിന്റെ വിയോഗം ദുഃഖത്തോടെ ദർശിച്ചു. ഏകപുത്രൻ വധവിധി വിധേയനായി കാൽവറിക്രൂശിൽ തറയ്ക്കപ്പെട്ടത് അവൾ ചങ്കുപൊടിഞ്ഞു കണ്ണീർ വാർത്തുകൊണ്ടു കണ്ടു. അവിടെ വച്ച് യേശുമിശിഹാ രണ്ടു നിക്ഷേപങ്ങൾ നമുക്കു തന്നു. ഒന്ന് ഞാൻ ഭൂമിയിൽ ഉയർത്തപ്പെട്ടാൽ സകലരെയും എങ്കലേക്ക് ആകർഷിക്കും. എന്നെ എന്തൊന്നിനു മേൽ ഉയർത്തപ്പെടുമെന്നു താൻ പ്രവചിച്ചുവോ ആ കുരിശ്. മറ്റേത് ഇതാ നിന്റെ അമ്മ എന്നരുളി മാർ യോഹന്നാൻ ശ്ലീഹായ്ക്കും അദ്ദേഹം മൂലം വിശ്വാസികളായ ഏവർക്കും നൽകിയ തന്റെ വിശുദ്ധ മാതാവും ആയിരുന്നു. ആകയാൽ നാം പ്രാർത്ഥിക്കുന്നു.

മോറാനേശു, കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം.

യേശുമിശിഹാ മരിച്ചടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ശേഷം ദുഃഖിതയായ മാതാവിന് ആദ്യം കാണപ്പെട്ടു എന്നതത്രേ നമ്മുടെ പാരമ്പര്യം. പുത്രന്റെ സ്വർഗ്ഗാരോഹണശേഷം വിശുദ്ധ ശ്ലീഹന്മാരോടുകൂടെ സെഹിയോൻമാളികയിൽ അവളും കാത്തിരുന്നു. അവരെപ്പോലെ അവളും പെന്തിക്കോസ്തിൽ റൂഹായെ പ്രാപിച്ചു. കടശ്ശി മരിച്ചടക്കപ്പെട്ടു. എന്നാൽ മേൽപ്രസ്താവിച്ച പ്രകാരം ഉയിർത്ത് ഉടലോടെ ഉയരത്തിലേക്ക് എടുക്കപ്പെട്ടു. ഇപ്പോൾ അവിടെ വിശുദ്ധ മാലാഖാമാരുടെയും വാങ്ങിപ്പോയവരുടെയും മാലാഖാമാരുടെയും രാജ്ഞിയായി ദൈവത്തെ ആരാധിക്കുകയും സ്വർഗ്ഗീയ സൗഭാഗ്യങ്ങളിൽ സന്തോഷിക്കുകയും നമുക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്യുന്നു.

"കർത്താവേ, വിശുദ്ധ കന്യകമറിയാമും പരിശുദ്ധന്മാരും തിരുസന്നിധിയിൽനിന്നു പാപികളായ ഞങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന അണയ്ക്കുന്നതുമൂലം അവരുടെ ഭാഗ്യസമ്പൂർണ്ണമായ സംസർഗ്ഗത്തിനു ഞങ്ങളെ യോഗ്യരാക്കുകയും അവരോടുകൂടെയുള്ള സൗഭാഗ്യങ്ങളിൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യേണമേ."

നമ്മുടെ പ്രാർത്ഥന സദുദ്ദേശ്യപരമായിരിക്കണം. ശലോമോന്റെ അർദ്ധസഹോദരനായിരുന്ന അദോനിയാ ബേത്ശബായെ സമീപിച്ച് ശൂനേംകാരിയായ അബീശഗിനെ അവനു ഭാര്യയായി കൊടുക്കുവാൻ ശലോമോൻ രാജാവിനോടു പറയേണമേ എന്നപേക്ഷിച്ചു. അവൾമൂലം ശലോമോനെ നിഗ്രഹിച്ചു സിംഹാസനം കരസ്ഥമാക്കണമെന്നതായിരുന്നു അവന്റെ അന്തരംഗം. ഹവ്വായുടെ പുത്രിയായ ബെത്ശേബ അതു ഗ്രഹിച്ചില്ല. ഞാൻ നിനക്കു വേണ്ടി രാജാവിനോടു സംസാരിക്കാമെന്ന് അവൾ മറുപടി പറഞ്ഞു. അവൾ രാജാസന്നിധിയിൽ ചെന്നു. രാജാവ് അവളെ ആദരപൂർവ്വം സ്വീകരിച്ചു. "മകനേ, നിന്നോടു ഞാൻ ഒരു കാര്യം ചോദിക്കുന്നു. എന്റെ അപേക്ഷ തള്ളിക്കളയരുതേ" എന്നു പറഞ്ഞു. "എന്റെ അമ്മേ, ചോദിച്ചാലും; ഞാൻ നിന്റെ അപേക്ഷ തള്ളുകയില്ല" എന്ന് അദ്ദേഹം മറുപടി പറഞ്ഞു. പക്ഷേ ശൂനേംകാരിയായ അബീശഗിനെ നിന്റെ സഹോദരനായ അദോനിയാവിനു ഭാര്യയായി കൊടുക്കണമേ എന്ന അപേക്ഷ കേട്ടയുടൻ അദോനിയാവിന്റെ ദുരുദ്ദേശ്യം ആ ദിവ്യമഹാജ്ഞാനി ഗ്രഹിച്ചു. അത് അദ്ദേഹം അവൾക്കു വിശദമാക്കി. എന്നാൽ രണ്ടാമത്തെ ഹവ്വായും നീതിയിൻസൂര്യനെ അണിഞ്ഞവളുമായ

സ്വർഗ്ഗീയരാജ്ഞിയോട് "വിശുദ്ധമാതാവേ എനിക്കു വേണ്ടി അപേക്ഷിക്കേണമേ" എന്നു നമ്മൾ പ്രാർത്ഥിക്കുമ്പോൾ, റേഡിയോശക്തിയെയും കവിയുന്ന ആത്മശക്തിയാൽതന്നെ ഉദ്ദേശ്യം അവൾ വിവേചിച്ചറിയുന്നു. നമ്മുടെ യാചന സദുദ്ദേശ്യപരമെങ്കിൽ നമ്മുടെ ആ അമ്മ സ്വപുത്രനെ സമീപിക്കുന്നു. "മകനേ, നാഥാ, ഞാൻ നിന്നോട് ഒരു കാര്യം അപേക്ഷിക്കുന്നു. എന്റെ അപേക്ഷ തള്ളിക്കളയരുത്" എന്നു പറയുന്നു. "എന്റെ അമ്മേ, ചോദിച്ചാലും; ഞാൻ നിന്റെ അപേക്ഷ തള്ളിക്കളയുകയില്ല" എന്ന് ദിവ്യപുത്രൻ മറുപടി പറയുന്നു. മാതാവു ചോദിക്കുന്നു. മകൻ ഉത്തരമരുളുന്നു; യാചന നൽകുന്നു; നമ്മൾ ധന്യരായി ത്തീരുകയും ചെയ്യുന്നു.

ബേത്‌ലഹേമിൽ – കാലിത്തൊട്ടിയതിൽ ലോകത്തിനു പതിയെ
പെറ്റവളേ ഗുണവിളനിലമേ ശാശ്വത കന്യേ ഭാഗ്യവതീ
ഉടലോടംബരമാർന്നവളേ –എൻ മാതാവേ മറിയാമേ
ഓർക്കണമീ–പാപിയെ എന്നാളും.

ദൈവമാതാവിനോടുള്ള ഒരു മദ്ധ്യസ്ഥപ്രാർത്ഥന

പതിനഞ്ചു നോമ്പിലും എട്ടു നോമ്പിലും ഉപയോഗിക്കുന്നതിനായി പാമ്പാക്കുട നമസ്കാരത്തിൽ നിന്നും സുറിയാനി പ്രാർത്ഥനകളിൽനിന്നും കൂട്ടിച്ചേർത്തത്.

പിതാവായ ദൈവത്തിന്റെ വാത്സല്യപുത്രിയായ മാതാവേ, നിനക്കു സമാധാനം. ദൈവപുത്രന്റെ മാതാവേ, നിനക്കു സമാധാനം. പരിശുദ്ധറൂഹായുടെ മണവാട്ടിയായ മാതാവേ, നിനക്കു സമാധാനം. കൃപ നിറഞ്ഞ മാതാവേ, നിനക്കു സമാധാനം. കർത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കാവൽക്കാരനായിരുന്ന നീതിമാനായ മാർ യൗസേപ്പ് അനുഗ്രഹിക്കപ്പെട്ടവനാകുന്നു. നിന്റെ പിതാവായ യൂനാക്കീർ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. നിന്റെ മാതാവായ ഹന്നാ അനുഗ്രഹിക്കപ്പെട്ടവളാകുന്നു.

നിനക്കു ഭാഗ്യം തരുന്ന ഏവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. നിന്നെപ്പോലെ ആരും സ്വയം താഴ്ത്തിയിട്ടില്ല. നിന്നെപ്പോലെ ആരും ഉയർത്തപ്പെട്ടിട്ടുമില്ല. ഭാഗ്യവതിയായ മാതാവേ ഞങ്ങളുടെ അപേക്ഷ ചെവിക്കൊള്ളേണമേ.

വിശുദ്ധ കന്യകമറിയാം ആയ മാതാവേ,
(പ്രതിവാക്യം) ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.
സർപ്പത്തിന്റെ തലയെ ചതച്ചവനെ പ്രസവിച്ച മാതാവേ. ..
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.
മുട്ടാടിനെ വഹിച്ച വൃക്ഷത്തിനു സദൃശ്യയായ മാതാവേ,
സ്വർഗ്ഗത്തിലേക്കു കയറ്റുന്ന ഗോവണിയായ മാതാവേ,
സാക്ഷിയിൻപെട്ടകമായ മാതാവേ,
ജീവമന്ന സൂക്ഷിക്കപ്പെട്ട സ്വർണ്ണച്ചെപ്പായ മാതാവേ,
ഹസ്കിയേൽ കണ്ട രഥത്തിനു തുല്യയായ മാതാവേ,
സീനായി മുൾപടർപ്പിൽ മുൻകുറിക്കപ്പെട്ട മാതാവേ,
സിംഹക്കുട്ടിയെ വഹിച്ച പെണ്ണാടായ മാതാവേ,
വിൺകഴുകനെ വളർത്തിയ മാടപ്രാവായ മാതാവേ,
സ്ത്രീകളുടെ നിന്ദയെ നീക്കിക്കളഞ്ഞ മാതാവേ,
രാജാധിരാജാവു വസിച്ച രഹസ്യകോട്ടയായ മാതാവേ,
നിത്യകന്യകയായ മാതാവേ,
സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ട മാതാവേ,
സാക്ഷാൽ മുന്തിരിവള്ളിയെ പുറപ്പെടുവിച്ച തോട്ടമായ മാതാവേ,
കുബേരന്മാരുടെ രഥത്തെക്കാൾ ഔന്നത്യമുള്ള മാതാവേ,
ഐശ്വര്യങ്ങളുടെ ശ്രീഭണ്ഡാരമായ മാതാവേ,
രണ്ടാമത്തെ ആകാശമായ മാതാവേ,
സ്വർഗ്ഗരാജ്ഞിയായ മാതാവേ,

വിശുദ്ധമാതാവേ, നീ ഭാഗ്യവതിയാകുന്നു. നിന്നിൽ നിന്നുദിച്ച പുത്രനോടു ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ. ഞങ്ങളുടെ ആത്മാക്കളുടെയും ശരീരങ്ങളുടെയും ജീവനും രക്ഷയ്ക്കും വേണ്ടിയും വിശുദ്ധസഭയുടെ നിരപ്പിനും സമാധാനത്തിനും വേണ്ടിയും സഭാപ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനും പുരോഗമനത്തിനും വേണ്ടിയും ഞങ്ങളുടെ പട്ടക്കാരുടെയും മേൽപ്പട്ടക്കാരുടെയും ക്ഷേമത്തിനും ദീർഘായുസ്സിനും വേണ്ടിയും രാജാക്കന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും നീതിക്കും കാവലിനും വേണ്ടിയും രോഗികളുടെ ആശ്വാസത്തിനും സൗഖ്യത്തിനും വേണ്ടിയും ഞങ്ങളുടെ അനുഗ്രഹകരമായ നടത്തിപ്പിനും സമാധാനകരമായ വേർപാടിനും വേണ്ടിയും വിശ്വാസികളായ വാങ്ങിപ്പോയവരുടെ പാപമോചനത്തിനും അനുകൂലനത്തിനും വേണ്ടിയും നീ അപേക്ഷിക്കേണമേ.

ഞങ്ങളുടെ കർത്താവേശുമിശിഹാ, നിന്റെ മാതാവിന്റെ ഓർമ്മ ഞങ്ങൾക്കു വാഴ്‌വിനായിത്തീരുകയും അവളുടെ മദ്ധ്യസ്ഥത കോട്ടയായിരിക്കുകയും ചെയ്യേണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ ഞങ്ങളും വിശ്വാസികളായ സകല വാങ്ങിപ്പോയവരും നിന്റെ വലതുഭാഗത്തു നിന്ന് നിന്റെ മഹത്ത്വത്തെ കാണുകയും നിന്റെ മാതാവിനോടും സകല വിശുദ്ധന്മാരോടുംകൂടെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നേക്കും സമർപ്പിക്കുമാറാകണമേ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ...

കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം..

പിതാവായ ദൈവമേ! നിന്റെ സ്നേഹവും നിന്റെ ഏകപുത്രന്റെ കൃപയും പരിശുദ്ധറൂഹായുടെ സംബന്ധവും സഹവാസവും ഭാഗ്യവതിയായ കന്യമറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയും മദ്ധ്യസ്ഥ സഹായങ്ങളും ഞങ്ങളേവരോടുകൂടെ ഉണ്ടായിരിക്കുമാറാകണമേ. ആമ്മീൻ.

(1950 സെപ്റ്റംബർ)

* റാവുസാഹിബ് ഒ. എം. ചെറിയാന്റെ കവിതയിൽ നിന്ന്.

കുറിപ്പ് - ഈ ലേഖനം ആത്മനിക്ഷേപ കർത്താവ് തന്നെ ഇതേ പേരിൽ ഒരു ലഘുകൃതിയായി പ്രസിദ്ധീകരിച്ചിരുന്നു. - *എഡിറ്റർ*

❑



പൗലോസ് ദ്വിതീയൻ ബാവായ്ക്ക് തിരുവനന്തപുരം പൗരാവലിയുടെ പ്രണാമം

തിരുവനന്തപുരം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ ദേഹവിയോഗത്തിൽ തിരുവനന്തപുരം പൗരാവലിയുടെ പ്രണാമം. 2021 ജൂലൈ 28 –ന് തിരുവനന്തപുരം, പുന്നൻ റോഡ്, ഹിൽ ടൺ ഗാർഡനിൽ വച്ച് നടക്കുന്ന സംഗമത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എം.എൽ.എ. അധ്യക്ഷത വഹിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ സംഗമം ഉദ്ഘാടനം ചെയ്തു. വിവിധ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മതനേതാക്കൾ അനുശോചന സന്ദേശം അറിയിച്ചു.

അനുസ്മരണം

ഋഷിതുല്യ ജീവിതം

മുഖ്യമന്ത്രി പിണറായി വിജയൻ

ഓർത്തഡോക്സ് സഭയെ ആഗോളതലത്തിൽ ശ്രദ്ധയാർജ്ജിക്കുന്ന തരത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്ന തലത്തിൽ വളർത്തുന്നതിൽ നിസ്സീമമായ സംഭാവനകൾ നൽകിയ ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു കാലംചെയ്ത ബാവാ തിരുമേനി. തിരുമേനിയെപ്പോലെ ഒരാൾ കേരളത്തിലെ ചെറുഗ്രാമത്തിൽ ജനിച്ച് കഴിഞ്ഞ 75 വർഷം നമ്മുടെ നാടിനെ ധന്യമാക്കികൊണ്ട് ഇവിടെ ജീവിച്ചു എന്നത് ഈ നാടിന്റെ വലിയ ഒരു അനുഗ്രഹമാണ്.

നന്നേ ചെറുപ്പത്തിലെ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്നു ബാവാ തിരുമേനി. 1982-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ ഫാ. കെ. ഐ. പോളിന് 36 വയസ്സു മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു.

പൗലോസ് മാർ മിലിത്തിയോസ് കുന്നംകുളം ഭദ്രാസനത്തിൽ മെത്രാപ്പോലീത്തായായി ചുമതല ഏൽക്കുമ്പോൾ ആ ഭദ്രാസനവും നന്നേ ചെറുപ്പമായിരുന്നു. ശൈശവദശയിൽ ആയിരുന്ന ആ ഭദ്രാസനത്തിന്റെ സർവ്വോന്മുഖ വളർച്ചയ്ക്കായി തിരുമേനി ചെയ്ത കാര്യങ്ങൾ വിലയിരുത്തിയാൽ എത്രത്തോളം നേതൃപാടവമുണ്ടായിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേതെന്ന് വ്യക്തമാകും.

പത്ത് വർഷത്തിലധികമാണ് ബാവാ തിരുമേനി മലങ്കര മെത്രാപ്പോലീത്തായായി പ്രവർത്തിച്ചത്. മലങ്കരസഭയുടെ ചരിത്രത്തിലേയ്ക്ക് തിരിഞ്ഞു നോക്കിയാൽ മലങ്കര മെത്രാപ്പോലീത്തന്മാരിൽ പലരും അതിനെക്കാൾ ഏറെനാൾ സഭയുടെ തലപ്പത്ത് ഇരുന്നിട്ടുണ്ട് എന്ന് കാണാൻ കഴിയും. എന്നാൽ വലിയ വെല്ലുവിളികൾ നിറഞ്ഞ കാലത്ത് അവയെ ചരിത്ര സാധ്യതകളാക്കി മാറ്റിക്കൊണ്ട് താരതമ്യേന കുറഞ്ഞ കാലത്തെ അർത്ഥപൂർണ്ണമാക്കി തീർത്തു ബാവാ തിരുമേനി എന്ന കാര്യത്തിൽ സംശയമേയില്ല.

കാതോലിക്കാ ബാവായായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ തിരുവനന്തപുരം പൗരാവലി തിരുമേനിക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുവാനുള്ള അവസരം എനിക്ക് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ അനുസ്മരണയോഗത്തിൽ പങ്കെടുക്കേണ്ടിവരുന്നത് എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ഒരു വേദനയാണ്. ഇവിടെ ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ ഞങ്ങളും തിരുമേനിയും എല്ലാം ഏതാണ്ട് സമപ്രായക്കാരാണ്. പക്ഷെ അധികസമയം ഒരുമിച്ച് ചെലവഴിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. എത്രത്തോളം ശ്രേഷ്ഠമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം എന്നു മനസ്സിലാക്കാൻ ഒരുമിച്ചു ചെലവഴിച്ച ചുരുക്കം സമയംതന്നെ ധാരാളം ആയിരുന്നു എന്നതാണ് വസ്തുത. തീർത്തും ഋഷിതുല്യമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. പ്രാർത്ഥനകൾക്കും മറ്റും പ്രത്യേകമായ പ്രാധാന്യം നൽകുകയും അവ സമയാസമയത്ത് അനുഷ്ഠിക്കുന്നതിന് സവിശേഷ ശ്രദ്ധ പുലർത്തുകയും ചെയ്തിരുന്നു. താനുമായി ബന്ധപ്പെടുന്നവരെ പ്രാർത്ഥനകളിൽ ഓർക്കുന്നതും ഫോൺ ചെയ്ത് അവരുടെ ക്ഷേമം അന്വേഷിക്കുന്നതും ഒക്കെ അദ്ദേഹത്തിന്റെ ദിനചര്യയുടെ ഭാഗമായിരുന്നു. പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഏതൊരു പരിപാടിയുടെയും കൂടെ അദ്ദേഹം പൂർണ്ണമനസ്സോടെ മുഴുകുന്ന അവസ്ഥയാണുണ്ടായത്.

ഞങ്ങൾ തമ്മിൽ നടന്ന ചില ചർച്ചകൾ ഈ ഘട്ടത്തിൽ ഞാൻ ഓർക്കുകയാണ്. അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഏതെങ്കിലും ഒരു പ്രശ്നം ബാവായുടെ ശ്രദ്ധയിൽപ്പെട്ടാൽ ആ പ്രശ്നം പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും അദ്ദേഹം നടത്തുമായിരുന്നു.



രോഗികളുടെയും ഭവനരഹിതരുടെയും ഒക്കെ കാര്യത്തിൽ ആ ഇടപെടൽ വളരെ ഫലപ്രദമായിരുന്നു എന്നു ഉറപ്പുവരുത്തുവാൻ ഉള്ള പ്രത്യേക നിഷ്കർഷ അദ്ദേഹം എപ്പോഴും പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ അപദാനങ്ങൾ ഒട്ടേറെ എടുത്ത് പറയുവാൻ ഉണ്ട്. അതിലേക്ക് ഞാനിപ്പോൾ കടന്നുപോകുന്നില്ല.

ബാവാതിരുമേനി നമ്മുടെ നാട്ടിൽ ജന്മം എടുത്തു എന്നതുതന്നെ ധന്യതയായി നാം കാണേണ്ടതാണ്. ബാവായെപ്പോലെ സഹജീവി സ്നേഹത്തോടെ ഒരാൾ നമ്മോട് ഒപ്പം ജീവിച്ചു എന്നത് വലിയ ഒരു അനുഗ്രഹമാണ്.

യേശുവിനെ പിൻതുടർന്നുകൊണ്ട് ക്രിസ്തുവിന്റെ സന്ദേശം തന്റെ ജീവിതത്തിലുടനീളം അദ്ദേഹം നമ്മോട് പങ്കുവെച്ചു എന്നത് നാടിന്റെ സൗഭാഗ്യവുമാണ്. ബാവാതിരുമേനിയുടെ ദേഹവിയോഗം കേരളത്തിന് തീരാനഷ്ടമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെയും നിങ്ങൾ ഓരോരുത്തരുടെയും ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. ആ ധന്യസ്മരണയ്ക്ക് പ്രണാമം.

(തിരുവനന്തപുരം പൗരാവലിയുടെ നേതൃത്വത്തിൽ നടത്തിയ പ. ബാവായുടെ അനുസ്മരണത്തിൽ നടത്തിയ പ്രഭാഷണം. 29-7-2021)

അനുസ്മരണം

ശുദ്ധനും ഒപ്പം ശക്തനുമായ സഭാദ്ധ്യക്ഷൻ

ഫാ. ഡോ. ജോർജ് കോശി

1968-ലാണു കുന്നംകുളത്തു നിന്നുള്ള കെ. ഐ. പോൾ (പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ) വൈദികാഭ്യസനത്തിനായി പഴയസെമിനാരിയിൽ വന്നത്. പഞ്ചവത്സര വൈദിക പഠനത്തിന്റെ സമാപനം കുറിച്ചുകൊണ്ടു അവസാന വർഷ വിദ്യാർത്ഥികളിൽ ഇരുവരിൽ ഒരുവനായി ഈയുള്ളവൻ അവിടെയുണ്ട്. മറ്റൊരാൾ മറുഭാഗത്തെ മലബാർ മെത്രാപ്പോലീത്തായായി സഹദാ മരണം പ്രാപിച്ച യൂഹാനോൻ മാർ പീലക്സീനോസും. ഞങ്ങൾ ചേർന്നതിനുശേഷം അഭ്യസനം നാലു വർഷമായി കുറച്ചു. കൂടെ ചേർന്ന പലരും നേരത്തെ തന്നെ പിരിഞ്ഞു. കെ. ഐ. പോൾ ഉൾപ്പെടെ 1968-ൽ പ്രഥമ വർഷ വിദ്യാർത്ഥികളായി വന്നവരിൽ പകുതിയോളം പേർക്കു സാങ്കേതിക കാരണങ്ങളാൽ ആ അദ്ധ്യയനവർഷം പഠനം തുടരുവാനാവാതെ അടുത്ത വർഷം വരെ കാത്തിരിക്കേണ്ടി വന്നു. 1968-ലെ ഒരു മാസത്തോളമുള്ള സെമിനാരി വാസവേളയിൽത്തന്നെ പോൾ ശ്രദ്ധേയനായി. ചെയ്ത്തിലോ ചൊൽത്തിലോ ഒന്നുമല്ല, മറിച്ചു സംസാരത്തിൽ. അസൽ കുന്നംകുളം ശൈലിയിലുള്ള ഭാഷണം ഏവർക്കും കൗതുകമായിതോന്നി. "എന്തിട്ടാ കുട്ടി", "വാർപൊട്ടി" എന്നെല്ലാം പുഞ്ചിരി പൊഴിയുന്ന പോളിൽ നിന്നു ശ്രവിക്കുമ്പോൾ സഹപാഠികൾക്കു ഹരം പകരാതിരിക്കുന്നതെങ്ങനെ?

പോൾ നാലു വർഷത്തെ സെമിനാരി പഠനവും, പിന്നെ പട്ടക്കാരനായി സി.എം.എസ്. കോളജിലെ ബിരുദാനന്തര പഠനവും എം.ഡി. ഹോസ്റ്റലിലെ വാസവും വാർഡൻ ചുമതലയുമായി കോട്ടയത്തു തുടർന്നു. അന്ന് ഈ ലേഖകൻ നിയുക്ത ബാവായുടെ സെക്രട്ടറിയായി എം.ഡി. സെമിനാരിയിലും പിന്നെ ദേവലോകം അരമനയിലുമുണ്ടായിരുന്നു. ആ കാലങ്ങളിലും ഇരുവരും തമ്മിൽ അടുപ്പം പുലർത്താനും വളർത്താനും സാധിച്ചു. 1970-കളിൽ ആറു മാസ കാലത്തോളം പ. മാത്യൂസ് പ്രഥമൻ ബാവാ എറണാകുളത്തു സഭാകേസുകൾക്കായുള്ള പ്രത്യേക കോടതിയിൽ സാക്ഷിയായി മൊഴി നല്കുകയുണ്ടായി. ശനി, ഞായർ ഒഴിച്ചുള്ള ദിവസങ്ങളിൽ അദ്ദേഹം താമസിച്ചിരുന്നത് എറണാകുളം സെന്റ് മേരീസ് പള്ളിയിലായിരുന്നു. അവിടെ അന്നു വികാരി ബഹു. ഒ. വി. ഏലിയാസ് അച്ചനും ഏക സഹപട്ടക്കാരൻ കെ. ഐ. പോൾ അച്ചനും. പോൾ അച്ചൻ പള്ളികെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ബാവായുടെയും കൂടെയുള്ളവരുടെയും കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നതും ആവശ്യങ്ങൾ ആവശ്യപ്പെടാതെ അറിഞ്ഞു നിർവ്വഹിച്ചിരുന്നതും സദാ അവിടെയുണ്ടായിരുന്ന പോൾ അച്ചനായിരുന്നു. ആ വാസവേള അന്യോന്യമുള്ള സൗഹൃദത്തിന്റെ ഇഴകൾ അടുപ്പിക്കുന്നതിനു ഇടയാക്കാതിരുന്നില്ല.

പോൾ അച്ചൻ പുരോഹിതനായിരുന്ന കാലത്തെ ഒരു സംഭവം ഈ ലേഖകന്റെ പ. മാത്യൂസ് പ്രഥമൻ ബാവായെക്കുറിച്ചുള്ള "മലങ്കരസഭാകേസരി" എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പേരു വെളിപ്പെടുത്താതെ രേഖപ്പെടുത്തിയിട്ടുണ്ട്. പൗലോസ് ദ്വിതീയൻ ബാവാ, മാത്യൂസ് പ്രഥമൻ ബാവായുടെ ഓർമ്മപ്പെരുന്നാളിലൊന്നിലെ പ്രബോധനവേളയിൽ അതേക്കുറിച്ചു സാക്ഷിക്കുകയുണ്ടായി. 1970-കളുടെ മദ്ധ്യത്തിൽ മാർ ഏലിയാ കത്തീഡ്രലിലെ വലിയ നോമ്പിലുള്ള ഒരു ഇടദിവസ നമസ്കാരസമയം. നയിക്കുന്നത് അന്നത്തെ നിയുക്ത ബാവായും. എവിടെയോ പോയിട്ടു നമസ്കാരസമയമായതുകൊണ്ടു പ്രാർത്ഥനയിൽ പങ്കുകൊള്ളാൻ പോൾ അച്ചൻ പള്ളിയിൽ പ്രവേശിച്ചു. സമയത്തു പള്ളിയിൽ എത്താൻ ആയാസപ്പെട്ടതിന്റെ അടയാളമെല്ലാം വദനത്തിൽ വീർപ്പുമുട്ടി ഒഴുകുന്ന വിയർപ്പുകണങ്ങൾ ഒട്ടും ഒളിപ്പിക്കാതെ വെളിപ്പെടുത്തുന്നുണ്ട്. കറുത്ത കുപ്പായം കൈയിലില്ല. അച്ചന്റെ ആഗമനം കണ്ടു അന്നത്തെ വികാരി വന്ദ്യ ബേബി അച്ചൻ (ഫാ. കെ. വി. ഗീവറുഗീസ്) ഓടി മുറിയിൽച്ചെന്നു ഒരു ളോഹയുമായി എത്തി അച്ചനു നല്കി. ഒത്തിരി വലിപ്പമുള്ള ആളല്ലായിരുന്നുവെങ്കിലും ഒത്തയാളിനേക്കാൾ ഇത്തിരി വണ്ണം കൂടുതലുണ്ടായിരുന്ന വികാരി അച്ചന്റെ പൊടിപിടിച്ചതും പൊട്ടലിനും കീറലിനും കുറവില്ലാത്തതുമായ കുപ്പായമാണു ബേബി അച്ചനു പെട്ടെന്നു കൈയിൽ കിട്ടിയത്. ളോഹ അണിഞ്ഞു നിന്നപ്പോൾ നല്ലൊരു ഫാൻസിഡ്രസ്സിന്റെ ചന്തം കൃശഗാത്രനായ പോൾ അച്ചനു സ്വന്തമായി. ഏവൻഗേലിയോൻ സമയത്തു ആ കർമ്മം നിർവ്വഹിക്കുവാൻ ബേബി അച്ചൻ അതിഥി അച്ചനെ തള്ളിവിട്ടു. വിയർത്തു വശംകെട്ടു നിന്ന അച്ചൻ കൈലേസുകൊണ്ടു മുഖം ആവുംവിധം ആവർത്തിച്ചു തുടച്ചു. ചവിട്ടിവീഴാതിരിക്കുവാൻ ഇട്ട കുപ്പായം ഇടതുകൈ കൊണ്ടു പൊക്കിപ്പിടിച്ചും വലതുകൈകൊണ്ടു വലിപ്പമേറിയ കുപ്പായം വാരിചുറ്റി വരുതിയിലാക്കാൻ ശ്രമിച്ചു. മെത്രാപ്പോലീത്തായുടെ കൈമുത്തി അനുവാദം വാങ്ങാൻ എത്തി. അപ്പോളാണു അച്ചനെ അദ്ദേഹം കാണുന്നത്. ആ വരവും വേഷവും കണ്ട് അദ്ദേഹം അച്ചനെ ഊടുപാടു ഒന്നു നോക്കി. ഒന്നും പറഞ്ഞില്ല; എന്നാൽ ഒത്തിരി പറയാതെ പറഞ്ഞ കനത്ത നോട്ടമായിരുന്നത്. അച്ചന്റെ ഉടലിലേക്കും ഉയിരിലേക്കും ഉളിപോലെ ആ നീട്ടിയുള്ള നോട്ടം കടന്നു കയറിയിരിക്കണം. നോട്ടം അച്ചനു നൊമ്പരം പകർന്നുവെന്നു പതർച്ചയോടെ പിന്നീടുള്ള നില്പും നീക്കവും വെളിപ്പെടുത്താതിരുന്നില്ല.



മേല്പട്ടമോഹമൊന്നും അച്ചന്റെ മനസ്സിൽ അന്നു മൊട്ടിടാൻ ഇടയില്ല (പിന്നെ ഉണ്ടായിരുന്നുവെന്നു അർത്ഥമാക്കേണ്ട). അന്നു വെറുമൊരു നാടൻ

കൊച്ചച്ചൻ! മേല്പട്ട സാന്നിദ്ധ്യം അവിടെ ഉണ്ടായിരിക്കുമെന്നു അച്ചനു അറിവില്ലായിരുന്നു. പതിവുള്ള പ്രാർത്ഥന മുടക്കുന്നതിനുള്ള മടികൊണ്ടു പള്ളിയിൽ ബദ്ധപ്പെട്ടു എത്തിയതാണ്. സമാനമായൊരു സംഭവം ഓർമ്മയിലുണ്ട്. ഏലിയാ കത്തീഡ്രലിലെ പതിവു സന്ധ്യാനമസ്കാരസമയം. നോമ്പുകാലമൊന്നുമല്ല. തീരുന്നതിനു മുമ്പു ഒരു പുരോഹിതൻ പള്ളിയിൽ എത്തി നമസ്കാരത്തിൽ സംബന്ധിച്ചു. നമസ്കാര കാര്യങ്ങളിൽ നിഷ്ഠയുള്ള ആളെന്നു കേട്ടറിവോ കണ്ടറിവോ അത്ര ഇല്ലാത്ത അച്ചനോടു നമസ്കാരം കഴിഞ്ഞു നിയുക്ത ബാവാ ആരാഞ്ഞു, "അച്ചൻ എന്താ ഇവിടെ ഇപ്പോൾ." ഇതുവഴി കടന്നുപോയപ്പോൾ സന്ധ്യാനമസ്കാരത്തിന്റെ സമയമായി. അതിൽ പങ്കുകൊള്ളുവാൻ വന്നതാണെന്നായിരുന്നു അച്ചന്റെ കൂളായുള്ള മറുപടി. പക്ഷേ, പോൾ അച്ചൻ പള്ളിയിൽ സന്ധ്യാനമസ്കാരത്തിനു ഓടിയെത്തിയത് അത് അദ്ദേഹത്തിന്റെ ശീലവും ശൈലിയുമായിരുന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ മേല്പട്ട തെരഞ്ഞെടുപ്പിനു പതിറ്റാണ്ടുകൾക്കു മുമ്പാണത്.

അധികം കഴിയാതെയാണ് എറണാകുളം പള്ളിയിൽ സാക്ഷിവിസ്താരവുമായി ബന്ധപ്പെട്ടു ബാവാ താമസിച്ചത്. ആരംഭ ദിനങ്ങളിലൊന്നിൽ ഏലിയാ കത്തീഡ്രലിലെ സന്ധ്യാനമസ്കാരവും അന്നു പോളച്ചനു ഏറ്റ "പരുക്കും" സാന്ദർഭികമായി ഞങ്ങളുടെ സംസാരവിഷയമായി. തുടർന്ന് അച്ചന്റെ സാന്നിദ്ധ്യത്തിൽ ആ "നൊമ്പരനോട്ട"ത്തെക്കുറിച്ച് ഈ ലേഖകൻ ബാവായെ അറിയിച്ചു. അതൊന്നും അദ്ദേഹത്തിന്റെ ഓർമ്മയിലില്ലായിരുന്നു. തനിക്കു ഓർത്തെടുക്കുവാൻപോലും കഴിയാത്ത ഒന്നിനെക്കുറിച്ചാണോ അച്ചൻ വിഷമിച്ചതെന്നു പറഞ്ഞ് അദ്ദേഹം സാന്ത്വനപ്പെടുത്തുകയുണ്ടായി. മാത്രമല്ല, അച്ചനു ബാവായുടെ വിമലഹൃദയത്തെ തൊട്ടറിയുവാനുള്ള അവസരവുമായും അതു പരിണമിച്ചു.

പ. പൗലോസ് ദ്വിതീയൻ ബാവായെ അടുത്തറിയാവുന്നവരെല്ലാം സാക്ഷിക്കുന്ന ഒന്നാണ് അദ്ദേഹം നിർമ്മലനും നിഷ്കളങ്കനും നിഷ്കൈതവനുമാണെന്നുള്ളത്. അവയെല്ലാം ശിശുമനസ്സിന്റെ മുഖമുദ്രയാണല്ലോ. എന്നാൽ, സഭയുടെ സ്വാതന്ത്ര്യവും സത്യവിശ്വാസവും സംരക്ഷിക്കുന്നതിനു നിശ്ചഞ്ചലനായി, ചാഞ്ചല്യലേശമില്ലാതെ അദ്ദേഹം ഉണർന്നു ഉർവരനായി പ്രവർത്തിച്ചു. മലങ്കരസഭയിൽ നിന്നു കൂറുമാറി മറുഭാഗം ചേർന്നവർ അപമാനിച്ചപഹസിച്ചപ്പോളും കൂടെയുള്ളവർ വിമർശിച്ചു വിഷമിപ്പിച്ചപ്പോളും ഒപ്പം ഒറ്റയ്ക്കും ഒറ്റപ്പെട്ടും കഴിയേണ്ടി വന്നപ്പോളും തള്ളിപ്പറഞ്ഞ പത്രോസ് അപ്പോസ്തോലന്റെ അനുഗാമിയാകാതെ മാർത്തോമ്മാ ശ്ലീഹായുടെ ഈ പിൻഗാമി യഥാർത്ഥ പാറയായ ക്രിസ്തുവിൽ ആശ്രയിച്ചു തിരുസഭയെ നയിച്ചു; കൊടുമുടിയിലെ കെടാവിളക്കായി അദ്ദേഹം പ്രശോഭിച്ചു പ്രകാശിച്ചു.

പ്രധാന മഹാപുരോഹിതനെന്ന നിലയിൽ മാത്രമല്ല, വെറും മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തെ വേറിട്ടു നിർത്തുന്ന ഒന്നുരണ്ടു വൈശിഷ്ഠ്യങ്ങൾ കുറിക്കുന്നു. ഒന്ന്, അരകെട്ടി ചുറ്റും ആളുകൾ നിന്നു ശുശ്രൂഷിക്കണമെന്നു ആഗ്രഹിച്ചിരുന്നില്ലെന്നു മാത്രമല്ല, ആയകാലത്ത് അതിന് അദ്ദേഹം അനുവദിച്ചുമിരുന്നില്ല. അഥവാ, ശുശ്രൂഷിക്കപ്പെടുന്നതിലല്ല, മറിച്ചു ശുശ്രൂഷിക്കുന്നതിലായിരുന്നു അദ്ദേഹത്തിനു കമ്പവും ഇമ്പവും. ട്രെയിനിൽ ഓടികയറുവാനും പ്ലെയിനിൽ ഒത്തിരിയേറെയുള്ള ചവിട്ടുപടികൾ ചാടികയറുവാനും ആരുടെയും സഹായം വേണ്ടാത്ത ചിലർ ആരാധനാ സദസ്സുകളിൽ ആഗതരാകുമ്പോൾ ഇരുകരങ്ങളും താങ്ങിപിടിക്കുവാൻ പൗരോഹിത്യ ശ്രേണിയിൽപ്പെട്ടവരെ പരതുന്നതു കാണാം. രോഗമോ പ്രായമോ ഉള്ളവരെങ്കിൽ മനസ്സിലാക്കാവുന്നതാണ്. ഫ്യൂഡലിസത്തിന്റെയും രാജവാഴ്ചയുടെയും അവശിഷ്ടങ്ങൾ അപ്രത്യക്ഷമായിട്ടു നൂറ്റാണ്ടുകൾ പലതും പിന്നിട്ടെങ്കിലും അവ തലപൊക്കുന്നതും തളിർത്തു വളരുന്നതും സഭാചക്രവാളങ്ങൾക്കുള്ളിലാണ്. പ്രത്യേകിച്ചും അവയ്ക്കു കുറവില്ലാത്തതു ക്രിസ്തുസാന്നിദ്ധ്യമെന്നും പ്രതീകമെന്നും വിശേഷിപ്പിക്കപ്പെടുന്ന ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരിൽ പലരിലുമാണെന്നുള്ളതു ഒരു വിരോധാഭാസം തന്നെ.

പൗരോഹിത്യ പദവികളുടെ പ്രാരംഭം ശെമ്മാശ്ശനിലാണ് – ശുശ്രൂഷകനിലാണ്. പ്രഥമമായി ആവഹിക്കുന്ന വരങ്ങളും വാഴ്വുകളും എത്ര വലിയ ഉന്നതസ്ഥാനിയായാലും ശുശ്രൂഷിക്കുവാനുള്ളതാണ്. അതിനെ തുടർന്ന് മാത്രമാണ് പൗരോഹിത്യവും മഹാപൗരോഹിത്യവും ലഭിക്കുക. അതായത്, ശുശ്രൂഷ (Service) എന്ന അടിത്തറയിലാണു മറ്റു പൗരോഹിത്യ പദവികൾ പടുത്തുയർത്തുന്നത്. എന്നാൽ പട്ടക്കാരും മേല്പട്ടക്കാരുമാകുമ്പോൾ മനഃപൂർവ്വം മറന്നുപോകുന്ന ഒന്നായിത്തീർന്നിരിക്കയാണു ശുശ്രൂഷകൻ (ശെമ്മാശ്ശൻ) എന്ന പദവിയും ആ പദവിയോടു ചേർന്ന പ്രവൃത്തികളും. അങ്ങനെയുള്ളവർക്കു ഒരു അപവാദമാണ് പൗലോസ് ദ്വിതീയൻ ബാവാ. റമ്പാനായി പരുമലയിൽ കഴിയുന്ന കാലത്ത് ഒരു വിവാഹശുശ്രൂഷ നടത്തുന്നിടത്തേക്കു വഴികാട്ടിയായി വന്നയാൾ റമ്പാച്ചന്റെ കാപ്പപ്പെട്ടി എടുത്തു കൂടെ നടക്കുവാൻ ആവതു ശ്രമിച്ചതും അമ്പേ പരാജയപ്പെട്ടതും ഡിജിറ്റൽ മീഡിയായിൽ വായിക്കുവാനിടയായി. കാപ്പപ്പെട്ടി വാങ്ങാൻ ആയാസപ്പെട്ട വ്യക്തിയോടു പൗലോസ് റമ്പാച്ചൻ പറഞ്ഞതു "പെട്ടി എടുക്കുവാനല്ല, വഴികാട്ടാനാണു" വന്നതെന്നാണ്!!

അദ്ദേഹത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു, മറ്റുള്ളവരെ, അവർ ആരു തന്നെയായാലും ആദരിക്കുകയെന്നുള്ളത്. ഉന്നതസ്ഥാനികളിൽ അധികം പേരിലും ഇല്ലാത്തതും, ഉണ്ടെങ്കിൽത്തന്നെ അത്യപൂർവ്വമായിട്ടുള്ളതുമാണു മറ്റുള്ളവരോടുള്ള ബഹുമാനം. പലരുടെയും ഭാവവും മനോഭാവവും അവർ മാത്രമാണ് ആദരവ് അർഹിക്കുന്നുവെ ന്നുള്ളതാണ്. അതുകൊണ്ടു ബഹുമാനം നല്കുവാൻ "മാന്യരും" "ബഹുമാന്യരും" മറന്നുപോകുന്നു. മലങ്കരസഭയുടെ അധികാരശ്രേണിയിൽ അഗ്രഗണ്യനായിരുന്നിട്ടുപോലും സമീപിക്കുന്നവരോട് എത്ര മമതയോടും മാന്യതയോടും മൃദുലതയോടുമാണ് അദ്ദേഹം ഇടപെട്ടത്. സഭാ, സമുദായ, സ്ഥാനവ്യത്യാസമെന്യേ ആരെയും ആദരവോടെ അദ്ദേഹം സ്വീകരിച്ചു; അവരോടു സംഭാഷിച്ചു; അവരുമായി സമ്പർക്കം പുലർത്തി. അഥവാ, സമീപിക്കുന്നവരെ തന്നേക്കാൾ സ്ഥാനമുള്ളവരായി അദ്ദേഹം കരുതി. ചുരുക്കത്തിൽ, ആരെയും ആദരിക്കുവാനുള്ള അനിതരസാധാരണമായ സിദ്ധി ഈ പരിശുദ്ധ പിതാവിനു സ്വന്തമായിരുന്നു; സ്വന്തം സ്വത്വത്തിന്റെ ഭാഗമായിരുന്നത്.

ശിശുതുല്യമനസും മനോഭാവവുമുള്ള ഈ പിതാവ് സഭയുടെ സ്വാതന്ത്ര്യത്തെയും സത്യവിശ്വാസത്തെയും സംരക്ഷിക്കേണ്ട സാഹചര്യങ്ങളിൽ സടകുടഞ്ഞെഴുന്നേറ്റ സിംഹമായി രൂപാന്തരപ്പെട്ടു. അവിടെയൊന്നും വിട്ടുവീഴ്ചയ്ക്കും തട്ടിക്കൂട്ടിനും ഒട്ടുമേ അദ്ദേഹം തയ്യാറായിരുന്നില്ല. ആ "തിരു"മേനിയിൽ സഭയ്ക്കു പുറത്തുള്ളവരും അകത്തുള്ളവരും കുറവില്ലാതെ പോറലുകളും കീറലുകളും ഏല്പിച്ചു. ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും വധത്തിനുള്ള വിധിതീർപ്പുകളും സ്വന്തം സഭയ്ക്കുവേണ്ടി പുഷ്പഹാരമായി അദ്ദേഹം അണിഞ്ഞു. സത്യവിശ്വാസ സംരക്ഷണത്തിനു വീഴ്ച ഭവിച്ചെന്നറിഞ്ഞപ്പോൾ, അല്പം ധൃതിയിലായിപ്പോയിയെന്നുള്ള പരിഭവവും പരാതിയും ഉയർന്നുവെങ്കിലും സുധീരമായ നടപടി എടുക്കുന്നതിന് അദ്ദേഹം തരിപോലും അമാന്തിച്ചില്ല. (സത്യവിശ്വാസ സംരക്ഷണമാണു മേല്പട്ടക്കാരുടെ പ്രഥമവും പ്രധാനവുമായ ധർമ്മവും ഉത്തരവാദിത്തവും. ഇന്ന് അത് ഏറ്റം അപ്രധാനമായി പരിണമിച്ചിരിക്കുന്നു! സഭയുടെ സുപ്രധാന സത്യവിശ്വാസ ("ഓർത്തഡോക്സ്") കൺവൻഷനുകളിൽ മാർത്തോമ്മാ, സി.എസ്.ഐ. ആദിയായ സഭകളിലെ ബിഷപ്പുമാർക്കും പാസ്റ്റർമാർക്കുമാണു പ്രഭാഷണത്തിനു മുൻഗണന. അതും മെത്രാസനാധിപന്മാരുടെ" സാന്നിദ്ധ്യത്തിൽ! എന്തു വിശ്വാസ–ആചാര സമാനതയാണു മേല്പറഞ്ഞ സഭകളും മലങ്കരസഭയും തമ്മിലുള്ളത്. സെറാമ്പൂർ സംബന്ധത്തിന്റെ സുപ്രധാന നേട്ടം. അതിഥി പ്രഭാഷകർ സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ചു പുളകംകൊള്ളിക്കുന്നതു വി. കൂദാശകളിലെ മർമ്മമില്ലായ്മയും ദൈവജനനിയുൾപ്പെടെയുള്ള പരിശുദ്ധ ഗണത്തിന്റെ മദ്ധ്യസ്ഥതയുടെ അർത്ഥമില്ലായ്മയും വ്യർത്ഥതയും വാങ്ങിപ്പോയവരെ അനുസ്മരിക്കുന്നതിലുള്ള അപകടവുമെല്ലാമായിരിക്കും. എന്നിട്ടു കടമെടുത്ത വിശ്വാസവിരുദ്ധരായ പ്രഭാഷകരുടെ പടവും പ്രാഭവവും വിവരിച്ചു നാണമില്ലാതെ നാലു പേജിൽ മനോരമ സപ്ലിമെന്റും. അടുത്ത കാലത്തു ഒന്നല്ല, ഒട്ടനവധി അതുപോലെയുള്ളവ കാണുകയുണ്ടായി. "പന്തലിലെ" പാട്ടു മണക്കെയും കുമ്പനാട്ടെയും! സത്യവിശ്വാസം തൊട്ടുതീണ്ടിയിട്ടില്ലാത്ത, സ്വാർത്ഥരായി – ഞാൻ എനിക്ക്, "എന്റെ," – "അക്കരെക്കു യാത്ര" ചെയ്യാനുള്ളവയാണല്ലോ അവ. പിതാവ് തന്നെ അതേക്കുറിച്ചു വ്യക്തമാക്കിയിട്ടുണ്ട്.).

എന്തായാലും ഇതുപോലെയുള്ള പ്രവണതകൾക്കെതിരെ ശക്തമായ നടപടികളുമായി പൗലോസ് ദ്വിതീയൻ ബാവാ മുമ്പോട്ടു പോയെങ്കിലും നേതൃനിരയിലുള്ളവർ അദ്ദേഹത്തെ "Slaughter" ചെയ്യുവാനാണു മുതിർന്നത്. മലങ്കര സഭാഭരണഘടനപ്രകാരം യഥാർത്ഥ മെത്രാ"സനാധിപൻ" മലങ്കര മെത്രാപ്പോലീത്തായാണ്. മെത്രാസന ചുമതലയുള്ള മേല്പട്ടക്കാർ അദ്ദേഹത്തിന്റെ സഹായികളും. അതുകൊണ്ടുതന്നെ വിശ്വാസസംരക്ഷണം ഉൾപ്പെടെ മലങ്കര മെത്രാപ്പോലീത്താ–പൗരസ്ത്യ കാതോലിക്കായുടെ ഉത്തരവാദിത്തം സീമാതീ

തവും). എന്തായാലും എതിർപ്പുകളുടെ മദ്ധ്യത്തിലും പരാശക്തിയുടെ തണലിൽ പാറപോലെ ഉറച്ചുനിന്നു പരിശുദ്ധ സഭയെ അദ്ദേഹം സംരക്ഷിച്ചു.

പ. പൗലോസ് ദ്വിതീയൻ ബാവാ, ആധുനിക കാലഘട്ടത്തിൽ മലങ്കരസഭയുടെ പ്രധാന സാരഥ്യം വഹിച്ചവരിൽ ഏറ്റം ആദരിച്ചത് പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെയാണ്. അവസരമുള്ളപ്പോൾ മാത്രമല്ല, അവസരമുണ്ടാക്കിയും ആ പരിശുദ്ധ പിതാവിന്റെ സമാനമില്ലാത്ത സഭാസേവനത്തെ സാക്ഷിക്കുന്നതിലും അപദാനങ്ങളെ വർണ്ണിക്കുന്നതിലും പ. പൗലോസ് ദ്വിതീയൻ ബാവാ ആഹ്ലാദം കണ്ടെത്തി. അദ്ദേഹത്തോടുള്ള അദമ്യമായ ആദരവു മൂലമായിരിക്കണം തൊട്ടുള്ള രണ്ടു മുൻഗാമികളിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായെ ശാസ്താംകോട്ടയിലും പ. ദിദിമോസ് പ്രഥമൻ ബാവായെ പത്തനാപുരത്തും കബറടക്കണമെന്ന് അവർ ശഠിച്ചതിൽനിന്നു വ്യത്യസ്തമായി പൗലോസ് ദ്വിതീയൻ ബാവാ കുന്നംകുളം തെരഞ്ഞെടുക്കാതെ ദേവലോകമെന്നു നിശ്ചയിച്ചുറപ്പിച്ചത്. അങ്ങനെ പ. മാത്യൂസ് പ്രഥമൻ ബാവായുടെ വിലപ്പെട്ട കബറിനു തൊട്ടരികെ പ. പൗലോസ് ദ്വിതീയൻ ബാവാ നിത്യനിദ്രയിൽ നിലകൊള്ളുന്നു.

പ. പിതാവേ! അങ്ങ് ആഗ്രഹിച്ചതുപോലെ ഒന്നായി മലങ്കരസഭ മുന്നേറുന്നതിനു അങ്ങയുടെ സ്വപ്നവും സാക്ഷ്യവും സമയമധികം എടുക്കാതെ സാക്ഷാൽക്കരിക്കപ്പെടുന്നതിനു പ്രാർത്ഥിച്ചാലും! ശുദ്ധനായ അങ്ങയുടെ പ്രാർത്ഥന ശക്തിയുള്ളതാണെന്ന് അങ്ങയുടെ ആത്മീയ മക്കൾക്ക് ഉറപ്പുണ്ട്.



മനസ് മാസിക പ. പൗലോസ് ദ്വിതീയൻ ബാവ അനുസ്മരണ പതിപ്പ് പ്രകാശനം ചെയ്തു

ദേവലോകം: കേരള പവർ മൈൻഡ് മിഷന്റെ മുഖമാസികയായ മനസിന്റെ ഈ ലക്കം കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ അനുസ്മരണ പതിപ്പായാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പവിത്രസ്മൃതി എന്ന നാമകരണം ചെയ്ത മനസ് മാസികയുടെ പുതിയ ലക്കം കോട്ടയം ദേവലോകം അരമനയിൽ നടന്ന ചടങ്ങിൽ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്ത ഫാ. അശ്വിന് നൽകി പ്രകാശനം ചെയ്തു. മനസ് മാസിക ചീഫ് എഡിറ്റർ ജോൺസൺ കീപ്പള്ളിൽ ദേവലോകം അരമന മാനേജർ ഫാ. എം. കെ. കുര്യൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



മാർത്തോമാ സഭയുടെ സഫ്രഗൻ പദവിയിലേക്ക് ഉയർത്തപ്പെട്ട ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായ്ക്ക് മാതൃ ഇടവകയായ അഞ്ചേരി ക്രിസ്തോസ് മാർത്തോമാ ഇടവകയുടെ ആഭിമുഖ്യത്തിലുള്ള അനുമോദന സമ്മേളനം ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.



മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന പൗലോസ് മാർ പക്കോമിയോസിന്റെ ഒൻപതാം ഓർമ്മപ്പെരുന്നാളിന് അലക്സിയോസ് മാർ യൗസേബിയോസ് കൊടിയേറ്റി. 2021 ജൂലൈ 25 മുതൽ 2020 ആഗസ്റ്റ് 2 വരെ മാവേലിക്കര തെയോ ഭവൻ അരമനയിൽ പെരുന്നാൾ ശുശ്രൂഷകൾ നടത്തപ്പെടും.

സമൂഹത്തിന്റെയും സഭയുടെയും നന്മയ്ക്ക് വേണ്ടി പ്രയത്നിച്ച ദീർഘവീക്ഷണമുള്ള പിതാവ്

സമൂഹത്തിന്റെയും സഭയുടെയും നന്മയ്ക്ക് വേണ്ടി പ്രയത്നിച്ച ദീർഘവീക്ഷണമുള്ള പിതാവായിരുന്നു പരിശുദ്ധ കാതോലിക്ക ബാവ എന്ന് കേരള മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുസ്മരിച്ചു. പാവപ്പെട്ടവർക്ക് വേണ്ടിയും രോഗികൾക്ക് വേണ്ടിയും സമൂഹത്തിലെ നിരാലംബർക്ക് വേണ്ടിയും എന്നും നിലകൊണ്ട പിതാവായിരുന്നു പ. ബാവ എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിശുദ്ധിയുടെ വിനയം സ്മിതം എന്ന പരിശുദ്ധ കാതോലിക്ക ബാവയെ അനുസ്മരിക്കുന്ന ഓൺലൈൻ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഉമ്മൻചാണ്ടി.

സമ്മേളനത്തിൽ കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ പ്രസിഡന്റ് പി. സി. സൈമൺ അധ്യക്ഷനായിരുന്നു. പ. ബാവയുടെ അസാന്നിധ്യം സഭയ്ക്കും സമൂഹത്തിനും തീർത്താൽ തീരാത്ത ഒരു നഷ്ടമാണെന്നും ബാവ നിഷ്കളങ്കമായ സ്നേഹത്തിന്റെ ഉറവിടമായിരുന്നു എന്നും മുഖ്യപ്രഭാഷണം നടത്തിയ ഡോ. എബ്രഹാം മാർ സെറാഫിം അനുസ്മരിച്ചു. എളിമയുടെയും വിനയത്തിന്റെയും പ്രതീകമായിരുന്നു പ. ബാവ എന്ന് ഡോ ഗീവർഗീസ് മാർ യൂലിയോസ് അനുസ്മരിച്ചു. ഫാ. ജോൺസ് എബ്രഹാം കോനാട്ട്, സി. പി. ജോൺ, ഫാ തോമസ് സക്കറിയ, ഫാ. ഡോ. സണ്ണി ചാക്കോ, ഫാ. ജോസഫ് ചെറുവത്തൂർ, ഫാ. ഷിജു കാട്ടിൽ, പരുമല ഹോസ്പിറ്റലിലെ ഡോക്ടർ മാത്യു ജോസ്, ഡീക്കൻ മെൽവിൻ മാത്യു, മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ജേക്കബ് മാത്യു, ബേബി തങ്കച്ചൻ, സ്റ്റീഫൻ പുലിക്കോട്ടിൽ, കെ. സി ലോഫ്സൺ, ടി സി ശാന്ത, സി. എം. ബേബി, മോഹൻദാസ് എന്നിവർ തങ്ങളുടെ സ്നേഹസ്മരണകൾ പങ്കുവെച്ചു. സമ്മേളനത്തിന് സെക്രട്ടറി ജിനീഷ് വർഗീസ് സ്വാഗതവും രാജു ചെറുവത്തൂർ നന്ദിയും രേഖപ്പെടുത്തി.

ലേഖനം

വിശുദ്ധ മാമോദീസാ

ഫാ. ഡോ. ബി. വറുഗീസ്

1.1 മാമോദീസാ എന്നാൽ എന്ത്?

ക്രിസ്തുവിനോട് ചേരുന്നതിനാണ് മാമോദീസാ ഏൽക്കുന്നത്. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗലാതൃർ 3:27)

ക്രിസ്തുവിനോട് ചേരുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നതാണ്. "യേശു ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമർ 6:3-5). പഴയ മനുഷ്യൻ മരിക്കുകയും, ക്രിസ്തുവിൽ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. ഇതിനെ പുതിയ നിയമത്തിൽ വീണ്ടും ജനനം എന്നും വിളിക്കുന്നു (യോഹ: 3:3-5). നാം ദൈവമക്കളായി വീണ്ടും ജനിക്കുന്നു. അതുവഴി ദൈവരാജ്യത്തിന്റെ പൗരന്മാരായിതീരുന്നു. (ഗലാതൃർ 4:4-7, റോമർ 8:14-17)

1.2 മാമോദീസാ എന്തിനുവേണ്ടി?

ക്രിസ്തുവിനോടു ചേരുന്നതിനും അതുവഴി ദൈവമക്കളായി വീണ്ടും ജനിക്കുന്നതിനുമാണ് നാം മാമോദീസാ ഏൽക്കുന്നത്.

1.3 ശിശുസ്നാനം എന്തിന്?

വിശ്വാസികളുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിനോട് ചേരുന്നതിനും, അതുവഴി ദൈവമക്കളായി തീരുന്നതിനുമാണ് അവരെ ശൈശവ പ്രായത്തിൽ സ്നാനം കഴിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നു. (എഫെ. 5:30, 1കൊരി 12:13)

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (മത്തായി 19:14) എന്ന് ക്രിസ്തു തന്നെ പറയുന്നതിനാൽ ശിശുക്കൾക്ക് മാമോദീസാ നൽകുന്നതിനെ താൻ വിലക്കുന്നില്ലെന്ന് വ്യക്തമാണ്.

1.4 മാമോദീസായുടെ മറ്റു പേരുകൾ ഏവ?

'വീണ്ടും ജനനം' (യോഹ:3:3-5), പുതിയ സൃഷ്ടി (2 കൊരി 5:17), മുദ്ര - സീൽ (2 കൊരി 1:21-22, എഫെ. 1:14; 4.30; വെളിപാട് 7:3), പരിശുദ്ധാത്മാവിന്റെ നവീകരണം (തീത്തോസ് 3:6-7).

1.5 നടത്തേണ്ടത് എപ്പോൾ?

വി. കുർബ്ബാനക്ക് മുമ്പ് മാമോദീസാ നടത്തുന്ന രീതിയാണ് നാലാം നൂറ്റാണ്ടുമുതൽ സഭയിൽ കണ്ടുവന്നിരുന്നത്. എന്നാൽ ഇന്ന് മിക്ക സഭകളിലും, വി. കുർബ്ബാനക്കു ശേഷമാണ് മാമോദീസാ നടത്തുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളുടെ ഗൗരവമനുസരിച്ച് മാമോദീസാ നൽകുവാൻ വൈദികന് അനുവാദമുണ്ട്.

2 ഒരു കുഞ്ഞു ജനിച്ച ശേഷം എന്നാണ് മാമോദീസ നൽകേണ്ടത്?

അമ്പത്തിആറ് ദിവസം കഴിഞ്ഞ് മാമോദീസ നൽകുന്ന രീതിയാണ് മലങ്കരസഭയിൽ ദീർഘനാളായി നിലവിലുള്ളത്. മാതാവിന്റെ ശാരീരികാവസ്ഥ, കുഞ്ഞിന്റെ ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ രീതി സ്വീകരിച്ചത്. പുരാതന കാനോനുകളിൽ ഇതെപ്പറ്റി ഏതെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. വിദേശ മലയാളികളുടെ കുഞ്ഞുങ്ങളെ അമ്പത്തിആറു ദിവസങ്ങൾക്ക് മുമ്പോ ചിലപ്പോൾ ഏതാനും മാസങ്ങൾക്കുശേഷമോ, മാമോദീസാ കഴിപ്പിക്കുന്നത് ഇന്ന് സാധാരണയായി കഴിഞ്ഞിരിക്കുന്നു. യഹൂദന്മാർക്കിടയിൽ പ്രസവത്തിനുശേഷം ആൺകുഞ്ഞെങ്കിൽ നാല്പതു ദിവസവും, പെൺകുഞ്ഞെങ്കിൽ എൺപതു ദിവസവും മാതാവിനെ അശുദ്ധയായി കണക്കാക്കിയിരുന്നു. ഇതിന് 'ശുദ്ധീകരണകാലം' (ലൂക്കോസ് 2:22) എന്നാണ്



വിശ്വാസികളുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിനോട് ചേരുന്നതിനും, അതുവഴി ദൈവമക്കളായി തീരുന്നതിനുമാണ് അവരെ ശൈശവ പ്രായത്തിൽ സ്നാനം കഴിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നു (എഫെ. 5:30, 1കൊരി 12:13)

പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ചില ആചാരങ്ങൾ മദ്ധ്യപൂർവ്വദേശത്തെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നു.

3. മാമോദീസായ്ക്കുള്ള തയ്യാറെടുപ്പുകൾ ഏവ?

കുഞ്ഞിന്റെ മാതാപിതാക്കൾ, തലതൊടുന്നയാൾ തുടങ്ങി ഏറ്റവും അടുത്ത ബന്ധുക്കൾ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കണം. ഒന്നു മുതൽ മൂന്നു ദിവസം വരെ ഉപവസിക്കുന്നതും നല്ലതാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പു തന്നെ ഇടവക വികാരിയെ കണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ് അഭികാമ്യം. വലിയ ഇടവകകളിൽ കഴിയുന്നത്ര ഞായറാഴ്ച മാമോദീസ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ധൂപപ്രാർത്ഥന, വിവാഹം, പള്ളി കമ്മറ്റി തുടങ്ങി പല കാര്യങ്ങളും വൈദികന് ഞായറാഴ്ചകളിൽ നടത്തേണ്ടതുള്ളതിനാൽ ധൃതിയിൽ മാമോദീസാ നടത്തി, അതിന്റെ ഗൗരവവും, അർത്ഥവും നഷ്ടമാകാതിരിക്കുവാൻ ഇത് സഹായിക്കും.

4. മാമോദീസാ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങൾ ഏവ? എന്തുകൊണ്ട്.

വലിയനോമ്പിൽ, പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ നടത്താറില്ല. ഈ സമയത്ത് മാമോദീസാമുറി അടച്ചിടുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. മാമോദീസാ, കർത്താവിന്റെ ഉയിർപ്പിലുള്ള പങ്കാളിത്തം ആകയാൽ ഉയിർപ്പു പെരുന്നാൾ, സ്നാനത്തിന് ഏറ്റവും അനുയോജ്യമായ ദിവസമാണെന്ന് പൊതുവെ ചിന്തിച്ചിരുന്നു. വിശ്വാസബോധനം നടത്തിയിരുന്ന സ്നാനാർത്ഥികൾക്ക് സാധാരണ ഉയിർപ്പു പെരുന്നാളിലാണ് മാമോദീസാ

നൽകിയിരുന്നത്. വലിയനോമ്പ് സ്നാനാർത്ഥികളുടെ പരിശീലനത്തിന്റെ അവസാന ഘട്ടമായിരുന്നു. പാതി നോമ്പുകഴിഞ്ഞാൽ തീവ്രമായ പരിശീലനം നൽകിയിരുന്നു. മാമോദീസായ്ക്കുള്ള ഒരുക്കമെന്ന നിലയിലാണ് പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ മുറി അടച്ചിട്ടിരിക്കുന്നത്.

5. മാമോദീസായിൽ സ്നാനാർത്ഥിക്ക് നൽകുന്ന പേരുകൾക്കുള്ള മാനദണ്ഡം എന്താണ്?

ക്രിസ്തീയ പേരുകൾ നൽകുന്ന രീതിയാണ് എല്ലാ സഭകളും അവലംബിച്ചിരിക്കുന്നത്. സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും, ഓർമ്മദിവസങ്ങളിലോ, അവരുടെ കബറിട ദേവാലയങ്ങളിലോ മാമോദീസാ നടത്തുമ്പോൾ അവരുടെ പേരുകൾ നൽകുന്നതും സാധാരണമാണ്. പേര് 'ഐഡന്റിറ്റി'യുടെ സൂചനയാണ്. പുതിയ 'ഐഡന്റിറ്റി' സ്നാനമേൽക്കുന്നയാളിന് ലഭ്യമായിരിക്കുന്നു എന്ന അർത്ഥത്തിലാണ് പേര് നൽകുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ വല്യപ്പൻ, വല്യമ്മ എന്നിവരുടെ പേരുകളാണ് സാധാരണ നൽകുന്നത്. തലമുറകളുടെ തുടർച്ച എന്ന അർത്ഥം ഇതിന് നൽകാവുന്നതാണ്.

6.1 തലതൊടുന്ന ആൾ ആവശ്യമുണ്ടോ?

പുറജാതിക്കാരനായ ഒരാൾ മാമോദീസാ ഏൽക്കുവാൻ ആഗ്രഹിച്ചാൽ, ഒരു സഭാംഗം അയാളെ ബിഷപ്പിന്റെ അടുക്കൽ കൊണ്ടുവന്ന്, സാക്ഷ്യം നൽകേണ്ടതുണ്ടായിരുന്നു. അയാൾക്ക് 'സ്പോൺസർ' എന്നും വഴികാട്ടിയെന്നും പേരുണ്ടായിരുന്നു. മാമോദീസാ ഏൽക്കാനുള്ള ആളിനെ സ്നാനാർത്ഥിയായി (Catechumen) സ്വീകരിച്ചിരുന്നു. അയാളുടെ വിശ്വാസ പരിശീലനത്തിനു മേൽനോട്ടം വഹിക്കുന്ന ചുമതല മേൽപ്പറഞ്ഞ വിശ്വാസിക്കായിരുന്നു. ഇതിൽ നിന്നാണ് തല തൊട്ടപ്പൻ/അമ്മ (ഗോഡ്ഫാദർ, ഗോഡ് മദർ) എന്ന സ്ഥാനം ഉണ്ടാകുന്നത്. ശിശുക്കളുടെ കാര്യത്തിൽ വിശ്വാസബോധനത്തിന്റെ ഉത്തരവാദിത്വം തലതൊടുന്നയാൾ ഏറ്റെടുക്കുന്നു. കൂട്ടുകുടുംബ സംവിധാനത്തിൽ പിതാമഹൻ, പിതാമഹി എന്നിവരായിരുന്നു കുഞ്ഞുങ്ങളെ പ്രാർത്ഥനകളും, വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പഠിപ്പിച്ചിരുന്നത്.

6.2. തല തൊടാനുള്ള അവകാശം ആർക്ക്? മറ്റ് സഭാംഗങ്ങളെ അനുവദിക്കാമോ?

സഭാവിശ്വാസികൾക്കു മാത്രമേ തലതൊടാൻ അവകാശമുള്ളു. അതായത് ഓർത്തഡോക്സ് സഭയിൽ വി. കുർബ്ബാന അനുഭവിക്കുവാൻ യോഗ്യതയുള്ള ആളിനു മാത്രമേ, കുഞ്ഞിന് തലതൊടുവാൻ യോഗ്യതയുള്ളു. മറ്റു സഭാംഗങ്ങളെ അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാമഹൻ, മാതാമഹൻ തുടങ്ങിയവർ ഇതര സഭാംഗങ്ങൾ ആണെങ്കിൽ അവരുടെ പേരുകൾ നൽകാവുന്നതാണ്. എന്നാൽ ദേവാലയത്തിലെ ശുശ്രൂഷയിൽ കുഞ്ഞിനെ കൈകളിൽ വഹിച്ചുകൊണ്ട് പ്രാർത്ഥനകളും, പ്രഖ്യാപനങ്ങളും നടത്തുന്നയാൾ ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

7. മുതിർന്നവരുടെ മാമോദീസായുടെ തയ്യാറെടുപ്പുകൾ, നിയമനടപടികൾ, നടപടി ക്രമം ഏവ?

മാമോദീസ സ്വീകരിക്കുന്നവർ കുറെ ആഴ്ചകൾക്കോ, ദിവസങ്ങൾക്കോ മുമ്പ് വൈദികനെ സമീപിച്ച് തയ്യാറെടുപ്പുകൾ ആരംഭിക്കണം. അടിസ്ഥാന വിശ്വാസസത്യങ്ങളും, പ്രാർത്ഥനകളും പഠിപ്പിക്കണം, മാമോദീസാക്ക് മുമ്പ് മൂന്നു ദിവസമെങ്കിലും ഉപവസിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. മാമോദീസാക്ക് മുമ്പായി കുമ്പസാരം നടത്തണം.

ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, താൻ പരപ്രേരണകൂടാതെ സ്വമേധയാ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നുവെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം എഴുതിനൽകുന്നതും അത് നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തുന്നതും നന്നായിരിക്കും.

ഞായറാഴ്ച പരസ്യമായി സ്നാനമേൽക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ ഇടദിവസം വി.കുർബ്ബാന അർപ്പിച്ച് നടത്താവുന്നതാണ്. പ്രായപൂർത്തിയായ സ്ത്രീകളുടെ മാമോദീസായിൽ, വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, എന്നാൽ ആഭരണങ്ങൾ മാറ്റി, മുടി അഴിച്ചിട്ട് സ്നാനമേൽക്കുവാൻ നിർദ്ദേശിക്കണം. മാമോദീസാ തൊട്ടിക്കുമുകളിൽ, തല കുനിച്ച് നിൽക്കുമ്പോൾ തലയിൽ വെള്ളം കോരി ഒഴിച്ച് സ്നാനം നൽകണം, മൂറോൻ അഭിഷേകം നെറ്റിയിലും, കൈപ്പത്തിയിലും, കുരിശടയാളം വരച്ച് നടത്തേണ്ടതാണ്. പ്രായപൂർത്തിയായ



പെൺകുട്ടികളുടെ ദേഹത്ത് കാർമ്മികൻ അഭിഷേകം ചെയ്യുന്നതിനെ ഡിഡാസ്ക്കാലിയ വിലക്കുന്നുണ്ട്.

സാധാരണ മാമോദീസാ ശുശ്രൂഷ തന്നെയാണ് പ്രായപൂർത്തി ആയവർക്കും ഉപയോഗിക്കുന്നത്. തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആവശ്യമാണ്. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു' 'മിശിഹായെ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങൾ സ്നാനാർത്ഥിതന്നെ ഏറ്റുപറയണം. തൽസമയം, തലതൊട്ടപ്പൻ കൈകളിൽ പിടിക്കേണ്ട ആവശ്യമില്ല.

8. മൂന്നുതരത്തിൽ സ്നാനാർത്ഥിയെ മുദ്രയിടുന്നു. എന്തുകൊണ്ട്? അർത്ഥം എന്ത്?

8.1 ഒന്നാമത്തെ മുദ്ര തൈലം കൂടാതെയാണ് നൽകുന്നത്. ഒരാളെ സ്നാനാർത്ഥിയായി സ്വീകരിക്കുമ്പോൾ ബിഷപ്പ് തലയിൽ കൈവെച്ച്, നെറ്റിയിൽ മുദ്രയിട്ടിരുന്നു. സ്നാനാർത്ഥിയായി സ്വീകരിക്കുന്നതിന്റെ സൂചനയാണിത്. തുടർന്ന് പൈശാചിക ശക്തികളിൽ നിന്നും സ്നാനാർത്ഥി വിമുക്തനായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. സ്നാനാർത്ഥി സാത്താനെ ഉപേക്ഷിക്കുകയും, മിശിഹായെ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ, സഭ കുഞ്ഞിനെ സ്വീകരിച്ച് 'മിശിഹായുടെ മുദ്ര' നൽകി സ്നാനത്തിനായി ഒരുക്കുന്നു എന്ന അർത്ഥം നൽകാവുന്നതാണ്.

8.2 രണ്ടാമത്തെ മുദ്ര സൈത്ത് കൊണ്ട് നെറ്റിയിൽ നൽകുന്നു. മാമോദീസായ്ക്കു മുമ്പ് പ്രാർത്ഥിച്ച ഒലിവ് എണ്ണ (സൈത്ത്) കൊണ്ടും, മാമോദീസാക്കു ശേഷം വി.മൂറോൻ തൈലം കൊണ്ട് നെറ്റിയിലും, ദേഹത്തും അഭിഷേകം ചെയ്യുന്ന രീതി അതിപുരാതനമാണ്. സൈത്തുകൊണ്ട് നെറ്റിയിൽ അഭിഷേകം നൽകുന്നത്, 'മിശിഹായെ സ്വീകരിക്കുന്നു' എന്ന പ്രഖ്യാപനത്തിനും വിശ്വാസപ്രമാണത്തിനും ശേഷമാണ്. ഇതിന്റെ അർത്ഥത്തെപ്പറ്റി തൽസമയത്തുള്ള പ്രാർത്ഥനയിൽ സൂചനയുണ്ട്. 'വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിന് അർഹനായി തീരുവാൻ വേണ്ടി, സന്തോഷതൈലത്താൽ, പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ, നിത്യജീവനായി... മുദ്രകുത്തപ്പെടുന്നു'.

മാമോദീസായ്ക്കുള്ള ഒരുക്കമായിട്ടാണ് ഈ അഭിഷേകം നൽകുന്നത്. "സന്തോഷ തൈലം" (സങ്കീ. 45:7) ക്രിസ്തുവിന്റെ അഭിഷേകത്തിന്റെ സൂചനയാണ്. സൈത്ത്കൊണ്ടുള്ള അഭിഷേകം വഴി, സ്നാനാർത്ഥി, സാക്ഷാൽ ഒലിവായ (സൈത്ത്) ക്രിസ്തുവിനോട് ഒട്ടിച്ച് ചേർക്കപ്പെടുന്നു (റോമൻ 11:17).

കാതോലിക്കേറ്റിന്റെ കീഴിലെ പാരമ്പര്യം അനുസരിച്ച് മലങ്കരയിൽ നെറ്റിയിൽ തൈലം കൊണ്ട് മുദ്രയിടുക മാത്രം ചെയ്യുന്നു. എന്നാൽ അന്ത്യോഖ്യൻ

സഭയുൾപ്പെടെ മിക്ക ഓർത്തഡോക്സ് സഭകളിലും സൈത്ത് കൊണ്ട് ദേഹം മുഴുവൻ അഭിഷേകം ചെയ്യുന്ന രീതിയും നിലവിലുണ്ട്.

8.3. മൂന്നാമത്തെ മുദ്ര വി. മൂറോൻ കൊണ്ട് നൽകുന്നു. തുടർന്ന് മാമോദീസായേറ്റയാളിന്റെ ശരീരം മുഴുവനും അഭിഷേകം ചെയ്യുന്നു. മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും, വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ മുദ്രകുത്തപ്പെടുന്നു." എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നെറ്റിയിൽ മുദ്രയിടുന്നത്. യേശു ക്രിസ്തുവിന്റെ അടയാളം നെറ്റിയിൽ വരയ്ക്കുന്നു. വി. മാമോദീസായിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ അടയാളവുമാണിത്.

9. മാമോദീസായ്ക്കു ശേഷം വെള്ള വസ്ത്രം ധരിപ്പിക്കുന്നതിന്റെ കാരണം എന്ത്?

മാമോദീസായിൽ പ്രാപിച്ച പുതുക്കത്തിന്റെയും, പാപമോചനത്തിന്റെയും, വിശുദ്ധിയുടെയും അടയാളമാണ് വെള്ളവസ്ത്രം, അന്ധകാരത്തിൽ നിന്നും വിടുതൽ പ്രാപിച്ച് 'പ്രകാശവസ്ത്രം' ധരിക്കുന്നു എന്ന് അർത്ഥമാക്കുന്നു.

10. ഒന്നിൽ കൂടുതൽ കുട്ടികൾ മാമോദീസായ്ക്ക് ഉണ്ടെങ്കിൽ ഏത് ക്രമത്തിലാണ് മാമോദീസാ നൽകുന്നത്? എന്തുകൊണ്ട്.?

പ്രായമനുസരിച്ച് ആൺകുട്ടികളെയും തുടർന്ന് പെൺകുട്ടികളെയും സ്നാനപ്പെടുത്തുന്നു. എല്ലാവർക്കുമായി ഒരുമിച്ച് വെള്ളം വാഴ്ത്താമെങ്കിലും, വാഴ്ത്തിയ വെള്ളം പാത്രത്തിൽ പകർന്ന് വെച്ച്, ഓരോ കുട്ടിക്കും പ്രത്യേകം വെള്ളം ഉപയോഗിക്കണം. ഒരു കുട്ടിയെ മാമോദീസാമുക്കിയ ശേഷം, ആ വെള്ളം തുറന്ന് വിട്ടതിനുശേഷം, വാഴ്ത്തിയ വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ച് അടുത്ത കുട്ടിയെ മുക്കണം.

'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1 കൊരിന്ത്യർ 14:39) എന്ന് വി.പൗലോസ് പറയുന്നതുപോലെ പ്രായക്രമം പിന്തുടരേണ്ടതാണ്. വി. കുർബ്ബാന സ്വീകരിക്കുന്നത് പുരുഷന്മാർ, സ്ത്രീകൾ എന്നീ ക്രമത്തിൽ ആണല്ലോ? ആ മാതൃകയാണ് മാമോദീസയിലും പിന്തുടരുന്നത്.

11. മാമോദീസാ ഏറ്റ വ്യക്തിയെ കിരീടം ധരിപ്പിക്കുന്നതും വി. മദ്ബഹായിൽ പ്രവേശിപ്പിക്കുന്നതും എന്തുകൊണ്ട്?

മാമോദീസായേറ്റയാൾ അന്ധകാരശക്തികളുടെ മേൽ വിജയം നേടിയ പോരാളി എന്ന അർത്ഥത്തിലാണ് കിരീടം ധരിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ ലഭ്യമാക്കുന്ന പ്രതിഫലത്തിന്റെ സൂചനയാണിത്. ആ പ്രതിഫലത്തിനാണ് വി. പൗലോസ് 'വാടാത്തകിരീടം' (1 കൊരി 9:25), നീതിയുടെ കിരീടം (2 തീമോ 4:8) എന്നും, തേജസ്സിന്റെ വാടാത്തകിരീടം (1 പത്രോസ് 5:4) എന്നും, 'ജീവകിരീടം (യാക്കോബ് 1:12, വെളി 2:10) എന്നും പറഞ്ഞിരിക്കുന്നത്.

അഭിഷേകം വഴി മാമോദീസായേറ്റയാൾ 'രാജകീയ പുരോഹിത വർഗ്ഗത്തിലെ അംഗമായിത്തീരുന്നു (1 പത്രോ 2:9) രാജകീയ പദവിയുടെ അടയാളം കൂടിയാണ് കിരീടം. പൗരോഹിത്യപദവി ലഭ്യമായതിന്റെ അടയാളമായിട്ടാണ് മദ്ബഹായിൽ പ്രവേശിപ്പിക്കുന്നത്. മാമോദീസായേറ്റയാൾ "ജീവന്റെ മേശ'യെ സമീപിക്കുവാൻ അർഹനായിത്തീരുന്നു ആദിമസഭയിൽ വിശ്വാസികൾ ത്രോണോസിന്റെ അടുക്കൽ ചെന്നാണ് വി.കുർബ്ബാന അനുഭവിച്ചിരുന്നത്.

12. മാമോദീസായിൽ വി.മൂറോൻ ഉപയോഗിക്കുന്നത് എന്തിന്?

ക്രിസ്തീയ മാമോദീസായുടെ ഉത്ഭവം ക്രിസ്തുവിന്റെ മാമോദീസായിലാണ്. യോർദ്ദാനിൽവെച്ച് ക്രിസ്തുവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ അഭിഷേകമായിട്ടാണ് പുതിയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. (ലൂക്കോസ് 4:17-19; അപ്പൊ. പ്രവ: 10:38, 4: 27). ക്രിസ്തീയ മാമോദീസാ, ക്രിസ്തുവിന്റെ മാമോദിസായിലുള്ള പങ്കാളിത്തം കൂടിയാണ്. തന്റെ യഥാർത്ഥ മാമോദീസാ, പീഡാനുഭവവും, കുരിശുമരണവുമാണല്ലോ (മർക്കോസ് 10:38). യോർദ്ദാനിൽ ക്രിസ്തു സ്വീകരിച്ച സ്നാനത്തിൽ, ജലസ്നാനവും, പരിശുദ്ധാത്മാവിന്റെ അഭിഷേകവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയ മാമോദീസായിൽ ജലസ്നാനത്തോടൊപ്പം, അഭിഷേകവും നൽകുന്ന രീതി പുതിയ നിയമ കാലത്തുതന്നെ ഉണ്ടായിരുന്നു. (1 യോഹ 2:20;27; 2 കൊരി 1:21-22; എഫെ. 1:14; 4:30) വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കുന്നു. കാരണം, മാമോദീസാ, വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള വീണ്ടും ജനനം ആണല്ലോ (യോഹ 3:3-5). അഭിഷേകത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സുഗന്ധ തൈലം അതായത് വി. മൂറോൻ ഉപയോഗിച്ച് തുടങ്ങി. ക്രിസ്തുവിന്റെ സൗരഭ്യം (2 കൊരി. 2:15) ലഭിക്കുന്നു എന്ന അർത്ഥം ഇതിനും നൽകാവുന്നതാണ്.

13. കുഞ്ഞിനെ എടുത്ത് കൊണ്ട് നിൽക്കേണ്ടത് തല തൊടുന്ന ആൾ തന്നെയാണോ? എങ്ങനെ പിടിക്കണം?

തല തൊടുന്ന ആൾ കൈകളിൽ എടുത്തുകൊണ്ട് നിൽക്കുന്ന രീതിയാണ് സാധാരണ ഉള്ളത്. എന്നാൽ കുഞ്ഞ് കരയുന്നുവെങ്കിൽ അമ്മയോ, മറ്റു സ്ത്രീകളോ എടുക്കുന്നതിൽ തെറ്റില്ല. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു, മശിഹായേ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങളുടെ സമയത്ത്, തല തൊടുന്നയാൾ കുഞ്ഞിന്റെ കൈകളിൽ പിടിച്ച് കൊണ്ട് വേണം ഏറ്റുചൊല്ലുവാൻ. ഏതാനും മാസങ്ങൾ പ്രായമുള്ള കുഞ്ഞാണെങ്കിൽ വ്യക്തമായവിധത്തിൽ കൈകളിൽ എടുത്തുകൊണ്ട് നിൽക്കണം. വെള്ളം വാഴ്‌വിന്റെ സമയത്ത് മാത്രം കുഞ്ഞിന്റെ വസ്ത്രങ്ങൾ മാറ്റിയാൽ മതിയാവും.

14. മാമോദീസായ്ക്കുശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ.?

കുഞ്ഞിന് വി. മൂറോൻ അഭിഷേകം നൽകുന്നതിനാൽ, അന്നേദിവസം അവിശ്വാസികളോ അക്രൈസ്തവരോ എടുക്കുന്നതിനേ നമ്മുടെ സഭ വിലക്കുന്നു. അഭിഷേകത്തിന് ശേഷം കുഞ്ഞിനെ ധരിപ്പിക്കുന്ന വസ്ത്രങ്ങൾ ശുദ്ധജലത്തിൽ കഴുകി ചവിട്ടാത്ത സ്ഥലത്ത് വെള്ളം ഒഴുക്കിക്കളയണം.അതുപോലെ അന്നേ ദിവസം കുഞ്ഞിനെ കുളിപ്പിക്കുന്ന വെള്ളവും ശ്രദ്ധാപൂർവ്വം ഒഴുക്കികളയണം.

15. ഇടവകപ്പള്ളിയല്ലാതെ മറ്റു പള്ളികളിൽ വച്ച് മാമോദീസാ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

മാമോദീസാ നടക്കുന്ന പള്ളി വികാരിയോട് നേരത്തെ സംസാരിച്ച് സമയം, കാർമ്മികൻ തുടങ്ങിയ കാര്യങ്ങളിൽ ധാരണ ഉണ്ടാക്കണം. ഇടവകവികാരി മുഖേന ഇതു ചെയ്യുന്നതായിരിക്കും യുക്തം. ഇടവക വികാരിയിൽ നിന്നും എഴുത്തു വാങ്ങിയിരിക്കണം.

16. സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് ആർക്കൊക്കെ?

സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് കുഞ്ഞ് അതീവ രോഗാവസ്ഥയിൽ ആണെങ്കിൽ മാത്രമാണ്. വീട്ടിലോ, ആശുപത്രിയിലോ വെച്ച് പുതിയ ബേസിനിൽ വെള്ളം വാഴ്ത്തി മാമോദീസാ നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ച് ഗീതങ്ങൾ പ്രൊമിയോൻ-സെദ്റ എന്നിവ ഒഴിവാക്കാവുന്നതാണ്.

മൂറോൻ അഭിഷേകം നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ, കുഞ്ഞ് ആരോഗ്യം വീണ്ടെടുക്കുമ്പോൾ ദേവാലയത്തിൽ വെച്ച്, അഭിഷേകവും വി. കുർബ്ബാനയും നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ കാർമ്മികന് അനുവാദമുണ്ട്.

17. മാമോദീസായിൽ ഒന്നിലധികം വൈദികർ പങ്കെടുക്കുമ്പോൾ ഒരാൾ പ്രാരംഭ പ്രാർത്ഥനകളും മറ്റും നടത്തുകയും അപരൻ വെള്ളം വാഴ്ത്തുകയും മറ്റും ചെയ്യാമോ?

ഒരിക്കലും പാടില്ല. വി. കുർബ്ബാനയിൽ ഒരു വൈദികൻ തൂയോബോ മുതൽ അവസാനം വരെയുള്ള കർമ്മങ്ങളും പ്രാർത്ഥനകളും നടത്തുന്നതുപോലെ മാമോദീസായിൽ ഓരോന്നും ക്രമമായി ചെയ്യുക. എന്നാൽ ഒന്നിലധികം വൈദികർ ഉണ്ടെങ്കിൽ, നെറ്റിയിലെ മുദ്ര, സൈത്ത് കൊണ്ടുള്ള മുദ്ര എന്നിവ ഓരോരുത്തരായി ചെയ്യാവുന്നതാണ്.

18. മാമോദീസായിൽ സൗകര്യാർത്ഥം വെള്ളം നേരത്തെ വാഴ്ത്തി വെച്ച് ഉപയോഗിക്കാമോ?

ഇതും അനുവദനീയമല്ല. ആരംഭം മുതലുള്ള ഓരോ കർമ്മങ്ങളും അവയുടെ ക്രമമനുസരിച്ച് ചെയ്യണം. കഴിഞ്ഞ തലമുറയിൽ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അജ്ഞതയും അലംഭാവവും നിമിത്തം സംഭവിച്ചതാണ്. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ശിശുക്കൾ താഴ്മയ്ക്കു ദൃഷ്ടാന്തം

(പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ. ശൂനോയോ നോമ്പ് (15 നോമ്പ്) ആരംഭം. വി. മത്തായി 18: 1–14)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

എളിയവരേയും ചെറിയവരേയും ആദരിക്കേണ്ടതിന്റെ ആവശ്യകത യേശുക്രിസ്തു പഠിപ്പിക്കുന്നതാണ് ഇന്നത്തെ വി. സുവിശേഷഭാഗം വി. മത്തായി 18:1–14. തന്റെ ശിഷ്യന്മാരെയും ജനങ്ങളെയും താഴ്മയും വിനയവും പഠിപ്പിക്കുവാൻ യേശു ഉപയോഗിച്ച ദൃഷ്ടാന്തമാണ് ശിശുക്കൾ. എളിയവരോടുള്ള ആദരവിന്റെ സൂചകമായിട്ടാണ്, ശിശുക്കളെ കർത്താവ് സ്നേഹിച്ചതും വാത്സല്ലിച്ചതും. ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുമെന്ന ക്രിസ്തീയ ജീവിതത്തിന്റെ മർമ്മപ്രധാനമായ ആദർശവാക്യം ഇവിടെ കാണാം.

ശിശുക്കൾ താഴ്മയ്ക്കു ദൃഷ്ടാന്തം

സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആരെന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്. ഒരു ശിശുവിനെ അടുക്കൽ വിളിച്ചു അവരുടെ നടുവിൽ നിർത്തിക്കൊണ്ടാണ് കർത്താവ് പറയുന്നത് 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല' (വാ. 3).

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു ശിശുവിനെപ്പോലെ തിരിയണം. പ്രവേശനത്തിനുശേഷമാണല്ലോ അവിടെ വലിയവൻ ആര്? ചെറിയവൻ ആര്? എന്ന ചോദ്യത്തിനു പ്രസക്തിയുള്ളത്. ഹൃദയവിശുദ്ധിയും നൈർമമല്യവും ഉള്ളവർക്കാണ് ദൈവരാജ്യപ്രവേശനം ലഭിക്കുന്നത്. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും' (വി. മത്തായി 5:8). ശിശുക്കൾ ഹൃദയവിശുദ്ധി ഉള്ളവരാണ്. നിഷ്കളങ്കതയും നൈർമ്മല്യവും ഉള്ളവർ. എല്ലാവരെയും സ്നേഹിക്കുവാനും എല്ലാറ്റിലും സന്തോഷിക്കുവാനും അറിയുന്നവർ. പാപവും ദോഷവും ഇല്ലാത്തവർ.

എല്ലാ മനുഷ്യർക്കും ശിശുസഹജമായ സ്വഭാവങ്ങൾ ഉള്ളവരായിരുന്നു. ആ സ്വഭാവത്തിലേക്ക് തിരിയണം എന്നതാണ് ദൈവരാജ്യപ്രവേശനത്തിന് യേശുക്രിസ്തു മുന്നോട്ടു വയ്ക്കുന്ന മാനദണ്ഡം. സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള വ്യവസ്ഥകളിൽ ഒന്നാണിത്. മറ്റു വ്യവസ്ഥകൾ വി. വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്.

സഹതാപപൂർവ്വമായ സേവനം (വി. മത്തായി 25:34,35), സ്ഥിരത (വി. ലൂക്കോസ് 9:62), പുതുജനനം (വി. യോഹന്നാൻ 3:3), സഹിഷ്ണുത (അപ്പോ. പ്ര. 14:22, 2 തെസ്സ. 1:5), വിശ്വാസവും സ്നേഹവും (യാക്കോബ് 2:5) തുടങ്ങിയവയെല്ലാം സ്വർഗ്ഗരാജ്യപ്രവേശന വ്യവസ്ഥകൾ ആണ്.

ഇടർച്ച വരുത്തുന്നവർക്കെതിരെ മുന്നറിയിപ്പ്

ഇടർച്ചകൾ എല്ലാകാലത്തും ഉണ്ടാകും. ഇടർച്ചകൾ ഇല്ലാത്ത സമൂഹത്തെ കാണുവാൻ സാധിക്കുകയില്ല. ഇടർച്ചകൾ വരുന്നത് ആവശ്യമെന്നും ഇടർച്ചകൾ വരാതിരിക്കുന്നത് അസാദ്ധ്യമെന്നും യേശു പറയുന്നു (വാ. 7). പക്ഷേ ഇടർച്ചകൾ ആരു മുഖാന്തരമാണോ ഉണ്ടാകുന്നത് അവർക്ക് കഷ്ടമെന്നും കർത്താവ് വെളിപ്പെടുത്തുന്നു.

ചെറിയവരേയും എളിയവരേയും ബഹുമാനിക്കാതെ, അവർക്ക് സങ്കടവും ദുഃഖവും കൊടുത്ത് ഇടർച്ച വരുത്തുന്നവർക്കെതിരെ യേശുവിന്റെ ശക്തമായ താക്കീതും അവർക്കുള്ള ശിക്ഷയും ഇവിടെ കാണാം. യേശുക്രിസ്തുവിനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന എളിയവർക്ക് ഇടർച്ച വരുത്തുവാൻ ഇടയാകരുത്. വാ. 6 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്.'

പാവപ്പെട്ടവരോടും എളിയവരോടും ബഹുമാനം കാണിക്കേണ്ടത് എല്ലാ മനുഷ്യരുടെയും കടമയാണ്. സാമ്പത്തികമായും ശാരീരികമായും മാനസികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും നമ്മേക്കാൾ താഴെയുള്ളവരെയാണ് എളിയവർ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. അവരെ അവഗണിക്കുകയോ തള്ളികളയുകയോ അവരുടെ വ്യക്തിത്വത്തെ പരിഹസിക്കുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷയാണ് കർത്താവ് പറയുന്നത്. സങ്കീർത്തനം 41:1 'എളിയവരെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും.'

സമൂഹത്തിൽ ന്യൂനപക്ഷമായിരിക്കും ഇടരർച്ചകൾ ഉണ്ടാക്കുന്നത്. ഭൂരിപക്ഷം ദൈവമഹത്വത്തിനും നന്മയ്ക്കും ജീവിക്കുന്നവരായിരിക്കും. ന്യൂനപക്ഷത്തിന്റെ വാക്കും പ്രവൃത്തിയും ഭൂരിപക്ഷത്തിന്റെ നന്മപ്രവർത്തനങ്ങളെ മോശമാക്കുന്നതിന് കാരണമാകാം. ഗലാത്യർ 5:9 'അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു.'

ഇടർച്ചയ്ക്കു കാരണമാകാതിരിക്കുവാനുള്ള ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. പ. പൗലോസ് ശ്ലീഹാ പറയുന്നു: 2 കോരി 6:3 'ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിനു ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്കു ഹേതു കൊടുക്കാതെ, സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂകന്മാരായി കാണിക്കുന്നു.'

അന്വേഷിക്കുന്ന രക്ഷകൻ

കാണാതെ പോയ ആടിന്റെ ഉപമ പറയുന്ന ക്രിസ്തു (വാ. 12,13), താൻ നല്ല ഇടയൻ ആണെന്നും കാണാതെ പോകുന്നതിനെയും നഷ്ടപ്പെട്ടു പോകുന്നതിനെയും അന്വേഷിച്ച് കണ്ടെത്തി, കൂട്ടത്തിൽ ചേർക്കുന്ന രക്ഷകൻ ആണെന്നും വെളിപ്പെടുത്തുകയാണ്.

നൂറു ആടുകളിൽ ഒന്നു തെറ്റി ഉഴന്നപ്പോൾ തൊണ്ണൂറ്റിയൊമ്പതിനേയും വിട്ടിട്ട്, തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നു. അതിനെ കണ്ടെത്തി, തെറ്റിപ്പോകാത്ത തൊണ്ണൂറ്റിയൊമ്പതിലും അധികം അതിനെക്കുറിച്ച് സന്തോഷിക്കുന്നു. പാപം, രോഗം, ക്ലേശം തുടങ്ങിയവയാൽ ഒറ്റപ്പെടുന്നവരുടെ യഥാർത്ഥ രക്ഷകനാണ് ക്രിസ്തു.

മാനസാന്തരപ്പെടുന്നവർക്കും കാണാതെപോയവർക്കും വേണ്ടിയാണ് മനുഷ്യപുത്രൻ വന്നത്. വി. ലൂക്കോസ് 15:7 'മാനസാന്തരപ്പെടുന്ന പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും' വി. ലൂക്കോസ് 19:10 'കാണാതെ പോയതിനെ തിരഞ്ഞുരക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്' 1 തീമോത്തി 1:15 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു.'

യിസ്രായേൽ ജനതയെ ആട്ടിൻകൂട്ടമായി ദൈവം കണക്കാക്കിയിരുന്നു. യിരെമ്യാവ് 50:6 'എന്റെ ജനം കാണാതെ പോയ ആടുകൾ ആയിത്തീർന്നിരിക്കുന്നു.' യിരെമ്യാവ് 50:17 'യിസ്രായേൽ ചിന്നിപ്പോയ ആട്ടിൻകൂട്ടം ആകുന്നു.' യെഹെസ്ക്കേൽ 34:6 'എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നു നടന്നു.' വി. മത്തായി 9:36 'അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടു.' വി. മത്തായി 15:24 'യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല.' 1 പത്രോസ് 2:25 'നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു.'

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ശൂനോയോ നോമ്പ് ആരംഭം

ആഗസ്റ്റ് മാസം ഒന്നു മുതൽ പതിനഞ്ച് വരെ ശൂനോയോ നോമ്പ് ദിനങ്ങളാണ്. ശൂനോയേ എന്ന വാക്കിന്റെ അർത്ഥം വാങ്ങിപ്പ് എന്നതാണ്. പ. ദൈവ മാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ എല്ലാ വർഷവും ആഗസ്റ്റ് 15-ാം തീയതി ആണ് പ. സഭ ആചരിക്കുന്നത്. ആയതിനു മുന്നോടിയായും ഒരുക്കമായും ആണ് പതിനഞ്ച് നോമ്പ് ആചരണം ക്രമീകരിച്ചിട്ടുള്ളത്. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനേക്കാൾ പ്രാധാന്യവും വലിപ്പവും പ. മാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനാണ് പ. സഭ കല്പിച്ചിരിക്കുന്നത്.



അനുസ്മരണ സമ്മേളനം

പഴഞ്ഞി: പഴഞ്ഞി മാർ ഡയനീഷ്യസ് കോളജിന്റെ പ്രാരംഭ ശില്പിയും മാനേജരും ആയിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതിയൻ കാതോലിക്ക ബാവായുടെ അനുസ്മരണ സമ്മേളനം 27-07 – 2021-ന് നടത്തപ്പെട്ടു. സമ്മേളനത്തിൽ പുലിക്കോട്ടിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് അദ്ധ്യക്ഷനായി. കോളജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു സ്വാഗതവും കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രേഷ്മ ടീച്ചർ ഉദ്ഘാടനവും നിർവ്വഹിച്ചു.

കോളജ് സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, ഗവേണിംഗ് ബോർഡ് അംഗം ഫാ. സഖറിയ കൊള്ളന്നൂർ, സാമ്പത്തിക വിഭാഗം മേധാവി ഡോ.ജി.രാജീവ്, രാഷ്ട്രതന്ത്ര വിഭാഗം അസി. പ്രാഫസർ ഡോ. ജിജി പോൾ, കോളേജ് ഗവേണിംഗ് ബോർഡ് മുൻ സെക്രട്ടറി ജോൺ പി അബ്രഹാം, കോമേഴ്സ് വിഭാഗം അസി. പ്രാഫസർ ഹരിദാസ്, ഫാ. ബഞ്ചമിൻ ഒ.ഐ.സി., ഓഡിറ്റർ വർഗ്ഗീസ് ജോൺ, സീനിയർ ക്ലാർക്ക് മിനു മാത്യൂസ്, കോളജ് യൂണിയൻ സെക്രട്ടറി അഖിലേഷ് എ.പി. എന്നിവർ പരി. ബാവായെ അനുസ്മരിച്ചു. കോളേജ് ഗവേണിംഗ് ബോർഡ് ട്രഷറർ സി. കെ. മോഹൻ നന്ദി പ്രകാശിപ്പിച്ചു.



ഗുരുപ്രണാമം. പൗരസ്ത്യ ഓർത്തഡോക്സ് സൺഡേസ്കൂൾ അസോസിയേഷൻ കുന്നംകുളം ഭദ്രാസനം ജൂലൈ 25-ന് നടത്തിയ പ. കാതോലിക്കാ ബാവാ അനുസ്മരണ സമ്മേളനത്തിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പ്രസംഗിക്കുന്നു.



ജോസഫ് മാർ ബർണബാസിന് സ്വീകരണം നൽകി

പാമ്പാടി: മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തന്മാരിൽ ഒരാളായ ജോസഫ് മാർ ബർണബാസ് തിരുമേനിയും വൈദിക ശ്രേഷ്ഠരും പാമ്പാടി മാർ കുറിയാക്കോസ് ദയറ സന്ദർശിച്ചു. കെ. വി. ജോസഫ് റമ്പാൻ പൊന്നാട അണിയിക്കുകയും ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. ദയറായുടെ അസിസ്റ്റന്റ് മാനേജർ ഫാ. സി. എ. വർഗ്ഗീസും ദയറായിലെ അന്തേവാസികളും സന്നിഹിതരായിരുന്നു.




പാമ്പാടി ദയറായിൽ ധൂപ പ്രാർത്ഥന നടത്തി.

പുണ്യശ്ലോകനായ പാമ്പാടി തിരുമേനിയുടെ വിശ്വസ്ത സേവകൻ ആയിരുന്ന തോമസ് ചേട്ടന്റെ അമ്പതാം ഓർമ്മദിനമായ ജൂലൈ 28-ന് പാമ്പാടി ദയറായിലെ കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തി.

The Child Is Father of the Man

Tenth Sunday after Pentecost



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening- St. Luke 9:12-17; **Morning - St. Matthew 16: 13-20; Before Holy Qurbana – Exodus 15: 23-27; Job 42: 7-17; Psalms 112 : 1 – 10; Holy Qurbana - Acts 28: 28,-30; Romans 10: 5-21**

St. Matthew 18: 1-11

The Apostles, who were called by Jesus and lived with Him for three and half years, sometimes showed glimpses of human frailty. They got angry at Samaritans (Lk 9:54), indignant among themselves (Mt 20:24), afraid (Mt 8:24), and lacked faith (Mt 17:20). Sometimes they also were eager to stamp their prominence among themselves (Mt 20:20,21; 18:1).

a. Rat race to be the first

"Who is the greatest in the kingdom of heaven?" (Mt 18:1)

Whenever two or more gather, whether in the name of God or otherwise, there is a scope for the question 'Who is the greatest among us?' If there is no designated leader, each one of the group sometimes bears the attitude of 'I am the greatest among you' either in a subtle way or conspicuously. The Apostles also succumbed to this temptation to be counted as the 'first' or the 'greatest'. Hence Jesus had to remind them that true greatness comes from humility and not authority. It's said (by Shakespeare) that "Some are born great, some achieve greatness, and some have greatness thrust upon 'em." There is a fourth category who tries to steal or buy greatness. Those who do self-promotion or paid promotions on social media and other channels, manoeuvring to get into leadership positions or 'buying' awards/ honours etc. belong to this category.

Right from childhood we are conditioned to believe that being first, be it in studies, sports or job, is the main aim of our lives. Thus we enter into the rat race of life and run helter-skelter to be first in studies, job and wealth. As we narrow down our focus on being at the top by any means, we miss the larger picture. For example, students who are taught that it's marks/grades that matter, they would be focussing only on getting marks even at the cost of missing deep learning. Often this rat race takes a heavy toll on our physical, mental and spiritual being. At the end of the rat race we may wonder along with T.S. Eliot "Where is the Life we have lost in living? I am not sure whether we can say that the Apostles tried to take this rat race to another realm; to heaven! They were wondering what should be done to become the greatest in heaven. At a glance this may look like a harmless question or rather an earnest desire. But the problem lies in its intent. Was the purpose to showcase themselves- who had left everything for the sake of the Kingdom of God- as the greatest in the Kingdom?

There is no problem in dreaming and working to be the best or the greatest. Of course we should use our God given talents, time and energy in the best possible manner. The problem sets in when we begin to consider ourselves as the centre of the universe and treat others as unavoidable meteors or useless satellites. In spite of the position, age or wealth we need to be humble and 'in lowliness of mind others be esteemed as better than ourselves' (Phil 2:3).

b. Be childlike not childish

Whoever becomes humble like this child is the greatest in the kingdom of heaven. (Mt 18:4)

Jesus unlocked the secret of becoming the greatest in the Kingdom of God; be like a child. There are a number of qualities in a child which every grown up should imitate. Hence William Wordsworth stated "The child is father of the man". The foremost quality of a child/ infant that a Christian needs to nurture is being humble. St. Chrysostom rightly remarked that the child is *possessed of the greatest of virtues, simplicity, and whatever is artless and lowly*. The undeterred faith a child has in its parents should be a model for our faith in God. The child has surety that s/he is safe in parent's care and s/he would be given only what is best for it. Another quality of an infant is they would be easily content and are not greedy. They become happy even in small things like a gentle touch or the movement of a leaf or butterfly or the mere sight of their loved ones. At the same time they forget their pain easily and never cry over a past pain/hurt. We should be childlike- *Like new born infants* (we need to)*, long for the pure, spiritual milk, so that by it you may grow into salvation* (1 Pet 2:2) – and not childish - *do not be children in your thinking* (1 Cor 14:20)- that is to be mature in thought, words and deeds.

c. May your Guardian Angel watch over you!

Take care that you do not despise one of these little ones; for, I tell you, in heaven their angels continually see the face of my Father in heaven (Mt 18:10)

The Church believes that each person is assigned a guardian angel. The concept of guardian angels evolved from the Old Testament. Abraham encouraged Nahor, his servant, that God *will send his angel before* him (Gen 24:7). When Moses was worried with the inconsistency of Israelites God assured him that '*my angel shall go in front of you'* (Ex 32:34). The protection of the godly by their guardian angel is vividly described by David in Psalm 34:7; *The angel of the Lord encamps around those who fear him, and delivers them*. The idea is emphasised in Psalm 91:11; *For he will command his angels concerning you to guard you in all your way.* When Peter was delivered from the prison by the angel and he went to the house of Mary, the believers who were praying in the house couldn't believe it when Rhoda, the maid, informed them that she saw Peter at the door. They didn't believe her and insisted it was not Peter *but his Angel* (Acts 12: 12-16).

The guardian angels are there to guide and guard us. They are *spirits in the divine service, sent to serve for the sake of those who are to inherit salvation*? (Heb 1:14) At the same time we shall remember that the guardian angels are not to function like mechanised robots or superman, thereby providing default protection from everything harmful. Our freewill also comes into play. Instead of leading us by force, the guardian angels would prefer to whisper low and gently *"This is the way. Follow it, whether it turns to the right or to the left."* (Is 30:21) Saint Basil the Great has said "The [guardian] angel will not retreat from us, unless we drive him away by our evil deeds. As the smoke drives bees away, and stench the doves, even so our stinking sin drives away from us the angel who protects our life." If we wish to keep our guardian angel active, we need to guard our lives and lead a life pleasing to God.

Conclusion

Christian life, to use an analogy from athletics, is a marathon and not a sprint. One won't become a true Christian overnight through baptism, but through a dedicated life till the last breath. We need to maintain the childlike purity and humility till the end and don't get into unwanted comparisons and competitions which would distract our Christian journey.

❑



പ്രതിസന്ധികളിൽ കാലിടറാതെ സമൂഹത്തിന് ഒരു മാതൃകയായി Kerala Higher Secondary Examination ൽ എല്ലാ വിഷയങ്ങളിലും A+ നേടി ഉന്നത വിജയം (97%) കരസ്തമാക്കിയ ഫാ. ബിനു തോമസിന്റെയും രജനി തോമസിന്റെയും മകൾ ആൻ മറിയം തോമസ് (MGHSS, തുമ്പമൺ).

അപകടം സംഭവിച്ച് ശാരീരികമായ ഏറിയ പ്രതിസന്ധികൾ ഉണ്ടായിട്ടും ഒപ്പറേഷനുകൾ നടക്കുന്നതിനിടയിലും പ്രത്യേകം തയ്യാറാക്കിയ ചാരുകസേരയിൽ കിടന്നുകൊണ്ട് ഏറെ വേദനകൾ സഹിച്ച് ഓരോ പരീക്ഷയും പൂർത്തിയാക്കുവാൻ കഴിയുമോ ഇല്ലയോ എന്നുപോലും അറിയാതെ പരീക്ഷ എഴുതിയാണ് ഉന്നത വിജയം നേടിയത്.



കർണാടകയിലെ തുംകൂർ ജില്ലയിലെ എച്ച്.ഐ.വി. ബാധിതരായ കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള റസിഡൻഷ്യൽ ക്യാമ്പ് സെന്റ് ഗ്രീഗോറിയോസ് ദയാ ഭവനിൽ നടന്നു.



Thadagam B.W.M. Hospital clinic opening ceremony at Chinnathadagam near bus stand.



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ പാവന സ്മരണയിൽ മലങ്കരയുടെ മഹിതാചാര്യൻ ഗാനാഞ്ജലി പ്രകാശനം ചെയ്തു. ജൂലൈ 30-നു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സഖറിയാ മാർ നിക്കോളോവാസ് മെത്രാപ്പോലീത്ത ഗാനാഞ്ജലിയുടെ പ്രകാശനകർമ്മം നിർവഹിച്ചു.



പരിശുദ്ധ പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവായുടെ സ്മരണകൾക്ക് മുന്നിൽ കുറിച്ചിമുട്ടം സെൻറ് സ്റ്റീഫൻസ് ഇടവകാംഗമായ മിനു കുറിച്ചിമുട്ടം എഴുതി, എം.യു മാത്യൂസ് പള്ളിപ്പാട് സംഗീതം നൽകി, ശ്രേയ അന്നാ ജോസഫ് ആലപിച്ച 'മലങ്കരയുടെ നിർമ്മല തേജസ്സ്' എന്ന സമർപ്പണ ഗാനത്തിന്റെ പോസ്റ്റർ ഡോ. യുഹാനോൻ മാർ ദീയസ്കോറോസ് പ്രകാശനം ചെയ്യുന്നു.

സുകൃത പാത ഓഗസ്റ്റ് 1-ന്

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ അനുസ്മരണവും, സെന്റ് തോമസ് മിഷന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി പ. പൗലോസ് ദ്വിതീയൻ ബാവായുടെ നാമധേയത്തിൽ നടപ്പാക്കുന്ന ചികിത്സാ പദ്ധതികളുടെ ഉത്ഘാടനവും കോട്ടയം പാത്താമുട്ടം സ്തേഫാനോസ് മാർ തിയഡോഷ്യസ് മെമ്മോറിയൽ മിഷൻ സെന്ററിൽ നടക്കും.

ഭിലായി സെന്റ് തോമസ് ഓർത്തഡോക്സ് മിഷന്റെ ആഭിമുഖ്യത്തിൽ ഭസുകൃത പാതഭയെന്ന പേരിൽ ഓഗസ്റ്റ് 1, ഞായറാഴ്ച്ച 3 മണിക്ക് ക്രമീകരിച്ചിരിക്കുന്ന സമ്മേളനത്തിന്റെ ഉത്ഘാടനം ഡോ. തിയഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്താ നിർവ്വഹിക്കും. ഓർത്തഡോക്സ് സഭയുടെ കൽക്കത്താ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ രചിച്ച ക്രിസ്ത്യൻ മിഷൻ പഠനഭങ്ങളെക്കുറിച്ചുള്ള ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മവും മാർത്തോമാ മെത്രാപ്പോലീത്താ നിർവ്വഹിക്കും.

മലങ്കരസഭയുടെ സുന്നഹദോസ് സെക്രട്ടറിയും ചെന്നൈ-കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുമായ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, കൽക്കത്താ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ സാമൂഹ്യ-സാമുദായിക-സാംസ്ക്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



അഹമ്മദാബാദ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അനുസ്മരണ സമ്മേളനവും ഭദ്രാസന അസംബ്ലിയും നടത്തപ്പെട്ടു

അഹമ്മദാബാദ്: പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വീതീയൻ ബാവാ അനുസ്മരണ സമ്മേളനം ഭദ്രാസന ആസ്ഥാനത്ത് ഗീവർഗീസ് മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ നടന്നു. പരിശുദ്ധ ബാവ തിരുമേനിയുടെ ധീരമായ നിലപാടുകൾ ഈ സഭയെ ഇത്രത്തോളം ശക്തമായി നടത്തി. എന്നാൽ ആ പിതാവിന്റെ കാല ശേഷവും അദ്ദേഹത്തിന്റെ ആ നിലപാടുകൾ ഇപ്പോൾ സഭക്ക് വലിയ ശക്തി ആണ് തരുന്നത് എന്ന് അധ്യക്ഷ പ്രസംഗത്തിൽ മാർ യൂലിയോസ് അനുസ്മരിച്ചു. ചടങ്ങിൽ സഭാ മാനേജിങ് കമ്മിറ്റി അംഗവും മലങ്കര അസോസിയേഷൻ ട്രിബ്യൂണൽ അംഗവും ആയ അഡ്വ. മത്തായി മാമ്പള്ളിൽ അനുസ്മരണ പ്രമേയം അവതരിപ്പിക്കുകയും സഭ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫിലിപ്പോസ് റമ്പാൻ, ഫാ. ഐസക് തോമസ്, പി. ഡി. ബേബി എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

തുടർന്ന് ഭദ്രാസനത്തിന്റെ 2020 –2021 സാമ്പത്തിക വർഷത്തെ ഭദ്രാസന അസംബ്ലി ഗീവർഗീസ് മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മുൻപോട്ടുള്ള ഭദ്രാസനത്തിന്റെ പ്രൊജക്ടുകളെപ്പറ്റി ആലോചിക്കുകയും ആവശ്യം ആയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു . ഭദ്രാസന സെക്രട്ടറി ഫാ. ജെയിംസ് ഗീവർഗീസ് സാമ്പത്തിക വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ഐസക് തോമസ് അസംബ്ളി യോഗത്തിൽ നേരിട്ടും ഓൺലൈൻ ആയും പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.



Ahmedabad Diocesan Council and Annual Assembly held at St. Thomas Bishop's House, Naroda.



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതീയൻ കാതോലിക്കാ ബാവ വി. മാമോദീസ സ്വീകരിച്ച പഴഞ്ഞി കത്തീഡ്രലിലെ അനുസ്മരണ സമ്മേളനത്തിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് അധ്യക്ഷം വഹിച്ച് സംസാരിക്കുന്നു.



പഴഞ്ഞി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ. പിതാവിനെ അനുസ്മരിച്ചു

പഴഞ്ഞി: ഗവ. ഹൈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും പൂർവ്വവിദ്യാർത്ഥി സംഘടനയുടെ മുഖ്യ രക്ഷാധികാരിയുമായ പ. ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ പൂർവ്വ വിദ്യാർത്ഥി സംഘടന 27-07-21-ന് നടത്തിയ സമ്മേളനത്തൽ അനുസ്മരിച്ചു. പുലിക്കോട്ടിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഫാ. ഡോ. സണ്ണി ചാക്കോ എന്നിവർ പ്രസംഗിച്ചു.



പരിശുദ്ധ കാതോലിക്കാ ബാവയെ തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭ അനുസ്മരിച്ചു. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗം കർദിനാൾ ക്ലീമ്മീസ് ഉദ്ഘാടനം ചെയ്തു.